
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 44 | ലക്കം 2 | 2017 മെയ് 15

# നേരായ വഴി

*1990ൽ നവംബർ ലക്കം ദർശനത്തിൽ കുറുപ്പ് സാറെഴുതിയ നേരായ വഴി ഇന്ന് കൂടുതൽ പ്രസക്തിയോടെ നമുക്ക് നേരിന്റെ വഴി കാട്ടിത്തരുന്നു.*

പ്രാദേശിക സമൂഹജീവിതമാണ് ആഗോള പ്രശ്നങ്ങൾക്ക് ഒരേ ഒരു പോംവഴി എന്ന് ദർശനം പറയുന്നത്, അതു നേടിയെടുക്കുവാനുള്ള പ്രതിബന്ധങ്ങളും, കാലദൈർഘ്യവും, ആളില്ലായ്മയും അറിയാത്തതുകൊണ്ടല്ല; മറിച്ച് മറ്റൊന്നു കാണുവാൻ കഴിയാത്തതു കൊണ്ടാണ്. പ്രശ്നങ്ങൾ ഇത്ര സങ്കീർണ്ണമായി പെരുകി വരുന്നതെന്തുകൊണ്ട്? താൻ ആക്രമിക്കപ്പെടുമോ? അവഗണിക്കപ്പെടുമോ? പിൻതള്ളപ്പെടുമോ? അപമാനിതനാകുമോ? നഷ്ടത്തിലാകുമോ എന്നെല്ലാമുള്ള സംശയങ്ങളാലും പരിഭ്രാന്തികളാലും സദാ വലയം ചെയ്യപ്പെട്ടു ജീവിക്കേണ്ട ഗതികേടിൽ വ്യക്തികളെത്തി നിൽക്കുന്നതെന്തുകൊണ്ട്?

വ്യക്തികളിൽ മാത്രം ഉള്ള അവസ്ഥയാണോ ഇത്? സംഘടനകളേയും, സ്ഥാപനങ്ങളേയും, രാഷ്ട്രങ്ങളേയും ഈ അസ്വാസ്ഥ്യം ബാധിച്ചിരിക്കുന്നു. ലോകമാകെ ഇന്ന് രൂപപ്പെട്ടിരിക്കുന്ന സമൂഹമനസ്സ് ഉത്കണ്ഠയുടേതാണ്. അടുത്ത നിമിഷം തനിക്ക് അല്ലെങ്കിൽ താൻ ഉൾപ്പെട്ടു നിൽക്കുന്ന ഗ്രൂപ്പിന് എന്ത് സംഭവിക്കും എന്ന ചിന്ത കൊണ്ട് വ്യാകുലമായ മനസ്സോടെയാണ് ഓരോരുത്തരും കഴിയുന്നത്. ഓരോ കുടുംബവും ഓരോ അസ്വാസ്ഥ്യമേഖല

യാണ്. എന്താണിതിനു കാരണം? എന്തുകൊണ്ടിങ്ങനെ സംഭവിച്ചു? ഇതേപ്പറ്റി ഒന്ന് അന്വേഷിക്കുവാൻ നേരമില്ലാത്തവണ്ണം തിരിക്കു വർദ്ധിച്ചു പോയി. ഈ നിമിഷം എങ്ങനെ തരണം ചെയ്യണം എന്ന തായിപ്പോയി ഓരോരുത്തരുടേയും അന്വേഷണ വിഷയം. അവരവരുടെ ജീവിത പ്രശ്നങ്ങൾ തന്നെ അവരവർക്കു കൈകാര്യം ചെയ്യാനാവാത്തവണ്ണം കുരുക്കിലാണ്. അതു കിടക്കെ ലോക പ്രശ്നങ്ങളും അതിനു മറുപടിയും കണ്ടെത്തുവാൻ ആരു മിനക്കെടും. സ്വന്തം വ്യക്തിത്വത്തിന്റെ വികസനത്തെപ്പറ്റിപ്പോലും ചിന്തിക്കാനാവില്ല. എന്റെ മുറിയിൽ കൊതുക് കടക്കാതിരിക്കുവാ നുള്ള വഴി അന്വേഷിക്കുന്നതിനിടയിൽ നാട്ടിലാകെ കൊതുക് പര ന്നിരിക്കുന്നതെന്തുകൊണ്ട് എന്നന്വേഷിക്കാൻ എനിക്കാവില്ല. അതെന്റെ റോളല്ല. ഇതാണ് ഇന്നത്തെ സാധാരണ ജനതയുടെ നിഗമനം. ഈ നിഗമനത്തിന് ബലം നൽകുന്ന ഒരു തത്വശാസ്ത്രവും വളർന്നു വന്നിട്ടുണ്ട്. ഓരോരുത്തരും അവരവരുടെ കാര്യം നോക്കി യാൽ എല്ലാവർക്കും ലോകത്ത് സുഖമായി ജീവിക്കാം. ഈ തത്വ ശാസ്ത്രം അനുസരിച്ച് ഓരോരുത്തരും മറ്റുള്ളവരെ ശ്രദ്ധിക്കാൻ ബാദ്ധ്യതപ്പെടാത്ത ഒരു മാനസികാവസ്ഥയിലായിപ്പോയി. അല്പം ചിന്തിക്കുന്നവർ പോലും ഞാൻ ഒറ്റയ്ക്ക് എന്ത് ചെയ്യാനാണ്? എന്ന നിഗമനത്തില് എത്തിയിട്ട് മറ്റുള്ളവരെ കുറ്റപ്പെടുത്തിക്കൊണ്ട് സ്വകാ ര്യജീവിതത്തിലേയ്ക്കു തന്നെ ഒതുങ്ങുകയാണിന്ന്. പുറംമട വീണ് വെള്ളം നിലത്തിലേയ്ക്ക് ഇരമ്പിക്കയറുമ്പോഴും സ്വന്തം നില ത്തിലെ വെള്ളം വറ്റിക്കാൻ ചക്രം ചവുട്ടി കുഴഞ്ഞ് പിറുപിറുക്കുന്ന കർഷകന്റെ വിഡ്ഢിത്തമാണ് ഇന്നത്തെ ലോകത്തിനാകെ കൈമു തൽ എന്നു തോന്നിപ്പോകുന്നു.

ഓരോരുത്തരുടേയും ആവശ്യങ്ങളും പ്രശ്നങ്ങളും മറ്റുള്ള വരുടെ ആവശ്യങ്ങളോടും പ്രശ്നങ്ങളോടും പ്രകൃതിയോടും ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യരെ ജാതികളായോ, മതങ്ങളായോ, രാഷ്ട്രങ്ങളായോ എങ്ങനെയൊക്കെ വേർതിരിച്ചാലും ഈ ജീവിത ബന്ധം ഒഴിവാക്കാനാവുകയേ ഇല്ല. വിശേഷിച്ചും നമ്മുടെ ഈ ചെറുഗോളം നമുക്ക് ഇന്ന് വീടായിപ്പോയി. വെട്ടം, വെള്ളം, വസ്ത്രം, ഭക്ഷണം, ഗതാഗതം, മരുന്ന് തുടങ്ങി വേണ്ടപ്പെട്ടതിനെല്ലാം ഓരോ രുത്തരും എത്രയോ വിദൂരസ്ഥലങ്ങളെ നിത്യേന ആശ്രയിക്കുന്നു.

അറബിക്കടലിനക്കരെ ഒരു ചെറുദ്വീപ് ഒരാൾ പിടിച്ചടക്കിയപ്പോൾ ഇവിടെ കേരളക്കരയിൽ പലരും സ്കൂട്ടറിനു പകരം സൈക്കിൾ അന്വേഷിക്കുവാൻ തുടങ്ങി. റഷ്യയിൽ ഒരാൾ ആശയരംഗത്ത് മാറി ചിന്തിക്കുവാൻ തുടങ്ങിയപ്പോൾ കേരളത്തിലെ ചായപ്പീടികയിൽ സംവാദശൈലി മാറി. ഇത്ര അടുത്ത് തെളിഞ്ഞു വരികയാണ് ലോകം.

ഇതൊക്കെ അംഗീകരിച്ചാലും മനസ്സ് അതിന്റെ തലത്തിൽ നിന്ന് ഉയരാൻ കൂട്ടാക്കില്ല. ഇതാണ് പ്രശ്നം. സങ്കുചിത വികാരങ്ങൾ മനുഷ്യ മനസ്സിനെ യാഥാർത്ഥ്യങ്ങൾക്കൊത്ത് ഉയരാൻ അനുവദിക്കുന്നില്ല. എന്തെല്ലാം അറിഞ്ഞാലും മനസ്സ് സ്വസ്ഥാനത്തു നിന്ന് അണുവിട വ്യതിചലിക്കുകയില്ല. അത് താണ നൈമിഷിക സുഖങ്ങളിൽ പരതിത്തന്നെ നിൽക്കും. ഇതാണ് മനസ്സിന്റെ അവസ്ഥ. ഈ മാനസികാവസ്ഥയാണ് മാറ്റത്തിന്റെ മുഖ്യ പ്രതിബന്ധം. ഈ വസ്തുത മറച്ചുവെച്ച് കക്ഷിരാഷ്ട്രീയം, വർഗ്ഗീയത, സാമ്പത്തിക അസമത്വം എന്നിങ്ങനെ പലതിലും കുറ്റം ആരോപിക്കുന്ന സ്വഭാവത്തിലാണ് ബുദ്ധി വ്യാപരിക്കുക. അതുകൊണ്ട് ബുദ്ധി, അറിവ് എന്നിവയ്ക്കുപരി മനസ്സിനെ വികസിപ്പിക്കുന്ന ഒരു പ്രയോഗം കണ്ടെത്തേണ്ടിയിരിക്കുന്നു. എല്ലാവരോടും ബന്ധപ്പെട്ടു ജീവിക്കാനുള്ള പരിശീലനം മനസ്സിന് ലഭിക്കാനൊരു വഴി കണ്ടെത്തണം. സാധാരണ മനസ്സ് അറിവിനേക്കാൾ കൂടുതലായി സാഹചര്യത്തിനും ശീലത്തിനും അനുസരിച്ചാണ് ചലിക്കുന്നത്. സാഹചര്യവും അറിവും അഭ്യാസവും മൂന്നും മനസ്സിന്റെ വികാസത്തിന് അനുകൂലമായാൽ മനസ്സ് വികസിക്കാൻ തുടങ്ങിയേക്കാം. ഓരോരുത്തർക്കും മറ്റുള്ളവർ തന്റെ ഒന്നിച്ചുണ്ടെന്ന ഒരനുഭവം ഉണ്ടാകുമ്പോഴാണ് സാഹചര്യം അനുകൂലമാകുന്നത്. താൻ മറ്റുള്ളവർക്കു വേണ്ടി കൂടിയാണെന്ന് തോന്നാനും ഇടവരണം. അതിന് അഭ്യാസം വേണം. ചുറ്റും നടക്കുന്ന സംഭവങ്ങളിൽ തന്റെ അഭിപ്രായത്തിനും കഴിവിനും പ്രസക്തി ഉണ്ടെന്ന് ഓരോരുത്തർക്കും ബോദ്ധ്യമാവാനിട വരുമ്പോൾ വ്യക്തിത്വം വികസിക്കാൻ തുടങ്ങും. ഇന്ന് തന്റെ വീടിനടുത്ത് താൻ വിട്ടു കൊടുത്ത സ്ഥലം കൂടി ഉപയോഗിച്ച് ഒരു റോഡ് നിർമ്മാണത്തിന് ശ്രമം നടന്നാൽ അതിനു വേണ്ടി ശ്രമിക്കുന്നവർക്ക് തന്റെ അഭിപ്രായം ആവശ്യമില്ലെന്ന തോന്നലുണ്ടാക

ത്തക്കവണ്ണമാണ് കാര്യങ്ങൾ നീങ്ങുന്നത്. സംഭാവന തന്നാൽ മതി. കാര്യങ്ങൾ ഞങ്ങൾ നടത്തികൊള്ളാം ഇത്തരത്തിലാണ് സമീപനം. അതുകൊണ്ട് മനുഷ്യന് സ്വന്തം കഴിവുകൾ സ്വന്തം സമൂഹത്തിനുവേണ്ടി സ്വതന്ത്രമായി പ്രയോഗിക്കേണ്ട ആവശ്യം വരുന്നില്ല. ഇതിനു പരിഹാരമാണ് ചുറ്റുവട്ടം ഒന്നിച്ചിരുന്ന് തങ്ങളുടെ ഭാവിക്ക് രൂപം നൽകുന്ന കൂടിആലോചനാവേദികൾ. പത്തു വീടിനിടയിൽ ഒരാൾ എന്ന കണക്കിൽ രണ്ടായിരം പേർ മുന്നോട്ടു വന്നാൽ അമ്പലപ്പുഴ ബ്ലോക്കിൽ നമുക്ക് ഈ ജിവിതക്രമം പരീക്ഷിച്ചു തുടങ്ങാം.

---

# ഗീതാ പ്രവചന സംഗ്രഹം

## പ്രൊഫസർ മുരളീധര മേനോൻ

### അദ്ധ്യായം 4

നിഷ്കാമ കർമ്മത്തിന് സ്വധർമ്മ നിഷ്ഠ കൂടിയേ കഴിയൂ. പക്ഷേ, അപ്പോഴും സ്വധർമ്മാചരണം ന്ഷ്കാമമാകണമെന്നില്ല. നിഷ്കാമത്വം മനസ്സിന്റെ ഉത്കൃഷ്ടമായ അവസ്ഥയാണ്. അതിന് മനോമാലിന്യങ്ങൾ പോകണം. എളുപ്പമൊന്നുമല്ലിത്. ചിത്തസംശോധനം തന്നെ ഒരേഒരു വഴി. അത്യന്ത സൂക്ഷ്മമായ ഈ അന്തരംഗക്രിയ എപ്പോഴും നടക്കണം. കാമക്രോധങ്ങളെ ജയിക്കുകതന്നെ മുഖ്യം.

ചിത്തശുദ്ധിക്കുവേണ്ടിയുള്ള കർമ്മങ്ങളെ ഗീത വികർമ്മം എന്നു പറയുന്നു. നാലാമദ്ധ്യായത്തിൽ വരുന്ന കർമ്മം, വികർമ്മം, അകർമ്മം എന്ന മൂന്നു ശബ്ദങ്ങളും അർത്ഥഗംഭീരങ്ങളാണ്. കർമ്മം എന്നുവെച്ചാൽ സ്വധർമ്മാനുഷ്ഠാനമെന്ന ബാഹ്യക്രിയ, ഇതിൽ മനസ്സ് പൂർണ്ണമായി ലയിക്കുമ്പോൾഅത് വികർമ്മം. സ്ഥൂലകർമ്മത്തോട് ചിത്തശുദ്ധി രൂപേണയുള്ള സൂക്ഷമ കർമ്മം സഹകരിക്കണമെന്നു ചുരുക്കം. അപ്പോൾ ഉള്ളിൽ നിഷ്കാമത്വം സംഭവിക്കും. ഭക്തിയോഗത്തിൽ ബാഹ്യമായ തപത്തോടൊപ്പം മാനസികമായ ജപവും വിധിക്കപ്പെട്ടിരിക്കുന്നത് ഇതുകൊണ്ടുതന്നെ. ഉപവാസം ഒന്നും കഴിക്കാതിരിക്കുക മാത്രമാണോ? മനസ്സ് ഭഗവാനിൽ അഭി

ലീനമാകുകകൂടിവേണം. ഇന്ദ്രീയങ്ങൾ വിഷയഭോഗങ്ങളെ വർജ്ജിച്ചാലും മനസ്സിൽ വിഷയചിന്തവന്നാൽ ആ സാധനകൊണ്ടെന്തു ഫലം? മന്ത്രവും തന്ത്രവും ഒപ്പം വേണം. നാം ശരീരം കൊണ്ട് സേവനം ചെയ്യുമ്പോൾ ഹൃദയത്തിലും സേവാഭാവം ഉണ്ടാവണം ഒരു രോഗിയെ ശുശ്രൂഷിക്കുമ്പോൾ നമ്മുടെ ഉള്ളിൽ ആർദ്രതയും കാരുണ്യവുമില്ലങ്കിൽ ആ ശുശ്രൂഷാകർമ്മത്തിൽ നമുക്ക് മടുപ്പു തോന്നും.

വികർമ്മം ഉണ്ടാകുന്നതുവരെ കർമ്മം ജഡം. അതിനു ചൈതന്യമില്ല. കർമ്മ വികർമ്മ സംയോഗം വലിയൊരു ശക്തിസ്ഫോടനമാണ്. വിറക് കത്തിച്ചാൽ അത് വെണ്ണീറ്. കയ്യിലെടുക്കാം മേലാസകലം പൂശാം. വിറകിന്റെ ഗുണധർമ്മങ്ങളാകെ മാറി അപ്പോലെ കർമ്മത്തിൽ വികർമ്മം പകരുമ്പോൾ അകർമ്മമായി മാറുന്നു. അകർമ്മം ഒന്നും ചെയ്യാതിരിക്കലല്ല, മറിച്ച് ചെയ്തിട്ടും ചെയ്തില്ലെന്ന തോന്നലാണ്. ചിത്തശുദ്ധിയോടെ നാം ചെയ്യുന്ന ഏതു കർമ്മവും നിർല്ലേപമാണ്. അതിന് പാപ പുണ്യസ്പർശം ലേശം പോലുമില്ല. ഇതാണ് കർമ്മരഹസ്യം. ഈ കർമ്മതത്ത്വം അറിഞ്ഞില്ലങ്കിൽ, കർമ്മങ്ങളുടെ പ്രചണ്ഡപ്രവാഹത്തിൽ നമ്മുടെ മനസ്സും ക്ഷുബ്ധവും അശാന്തവുമാകും. മറിച്ച് കർമ്മത്തിൽ വികർമ്മം ചേരുമ്പോൾ എന്തു വലിയ കർമ്മമായാലും ഭാരമില്ല. കർമ്മത്തിന്റെ ഈ ലാഘവം, അനായസതതന്നെ അകർമ്മം. അപ്പോൾ മനസ്സ് സ്ഥിരം, സ്വസ്ഥം.

കർമ്മത്തെ അകർമ്മമാക്കുന്ന വിശിഷ്ടകല മഹാപുരുഷന്മാരുടെ ജീവിതത്തിൽകാണാം. “സജ്ജനങ്ങളെ സമീപിച്ച് ഈ മഹത്തായ വിദ്യ അഭ്യസിക്കു” എന്ന് ഭഗവാൻ ഉപദേശിക്കുന്നതിന്റെ സാരമിതാണ്. സൽസംഗം കൂടാതെ ഈ വിദ്യ വശപ്പെടുകയില്ല. വെറും പുസ്തകജ്ഞാനം വ്യർത്ഥമാണ്. അറിവ് വളരെയേറെ പ്രചരിച്ചു; വിദ്യാശാലകൾനാടാകെ വ്യാപിച്ചു. എന്നിട്ടും ആധുനിക മനുഷ്യൻ ജ്ഞാനസംസ്കാരഹീനനായി, അനേകാഗ്രനായി, നുള്ളുനുറുക്കുകാര്യങ്ങളിൽ ശക്തിയും ഓജസ്സുമെല്ലാം ചിലവിട്ട് ജീവിതത്തെ പാഴാക്കുന്നതു കാണുമ്പോൾ വല്ലാത്ത ദുഖം തോനുന്നു. ഭഗവാൻ അർജ്ജുനനോട് പറഞ്ഞു. “കേട്ടു കേട്ട് വിഷമത്തിൽപെട്ട നിന്റെ

ബുദ്ധി സ്ഥിരമാകാതെ യോഗപ്രാപ്തി സാദ്ധ്യമല്ല. അതുകൊണ്ട് ശ്രവണപഠനങ്ങൾ മതിയാക്കി സത്തുക്കളെ ഉപസദിക്കൂ. അവരുടെ മൗനാദ്ധ്യാപനം കേട്ട് നിന്റെ സംശയങ്ങൾ തീർക്കും. എന്തു ഗംഭീര കർമ്മങ്ങൾ ചെയ്യുമ്പോളും അവരുടെ ഹൃദയത്തിൽ അഴിവില്ലാത്ത ആനന്ദം ശാന്തിയാണ്."

---

# ഭൂമിക്കാരനും ഞാനും, ചില ചിതറിയ ചിന്തകളും!

**ശിവദാസക്കുറുപ്പ്** / 9495557245

കുറെ വർഷങ്ങൾക്കു മുമ്പ്, എന്നു പറഞ്ഞാൽ എന്റെ യൗവനാരംഭ കാലത്ത് ഞാൻ കൊന്നപ്പാട്ട് ചെന്നത് ഹോമിയോചികിത്സാർത്ഥം. ഹോമിയോ ചികിത്സാരീതിയോട് അനുഭവം കൊണ്ട് പണ്ടേ ഒരാദരവ്! ഇന്ന് അന്നം അലോപ്പതിയിലൂടെ ആണെങ്കിലും മറ്റൊന്നിലെ നന്മയെ കാണാതിരിക്കാനുള്ള അന്ധത വന്നുപെട്ടില്ല. അങ്ങനെയാരും പഠിപ്പിച്ചുമില്ല. അനുഭവം ഗുരു!

ചാരുകസേരയിൽ സായം സന്ധ്യയുടെ ചാരുതയിൽ സ്വയം മറന്ന് ഭൂമിക്കാരൻ ചിന്തയിലാണ്. എന്റെ പദവിന്യാസം അറിഞ്ഞില്ല. ഞാൻ പുച്ച് ശബ്ദമുണ്ടാക്കി മെല്ലെ അടുത്തേയ്ക്ക് ചെന്നു.

ആരിത്...! ശിവനോ.... വാ... വാ... അടുത്തേക്കു വാ... ഇരിക്ക്....!

ഇന്ന് സുദീർഘമായ ഈ ഇടവേളയ്ക്ക് ശേഷം ആ പഴയ ചെറിയ സംഭവം ഓർത്തെടുക്കുമ്പോൾ എന്റെ മനസ്സിലേയ്ക്കു കടന്നു വരുന്നത് ഒ.എൻ.വി കുറുപ്പ് സാറിന്റെ ഒരു സിനിമാ ഗാനത്തിന്റെ തുടക്കമാണ്. ആത്മാവിൽ മുട്ടി വിളിച്ചതു പോലെ... അതെ, കാണുന്നവരോട് അടുത്തു വരുന്നവരോട് അകലെ നിൽക്കുന്നവരോടു പോലും അവർ ആരായിരുന്നാലും എങ്ങനെയായിരുന്നാലും അകലം തോന്നാത്ത അടുപ്പം. ആലങ്കാരികത അൽപ്പം പോലുമില്ലാതെ പറയാം : അതായിരുന്നു ഭൂമിക്കാരൻ! അതാണല്ലോ പരസ്പരാനന്ദത്തിന്റെ അന്തഃസത്ത...

എനിക്ക് പതിനാറു വയസ്സുള്ളപ്പോൾ എന്റെ അച്ഛൻ മരിച്ചു.

പക്ഷാഘാതം മൂലം എട്ടു മാസം സ്വയം ആരെന്നു പോലും അറിയാത്ത അവസ്ഥയിൽ ജീവച്ഛവം പോലെ... ഡോക്ടർ ആർ.കെ ഷേണായി സാറിന്റെ കാരുണ്യത്തിൽ കുറെ മരുന്ന് സൗജന്യമായി കിട്ടി. പിന്നെ ഹോമിയോ ചികിത്സ തികച്ചും ഫ്രീയായിരുന്നു. രണ്ടും എന്റെ കുടുംബത്തിന്റെ അവസ്ഥ കണ്ടു ചെയ്ത പുണ്യം! എട്ടുമാസക്കാലം ഞാൻ അച്ഛനും അച്ഛൻ മകനുമായിരുന്ന അവസ്ഥ...

ഒരു മകന്റെ കടമ പൂർണ്ണ മനസ്സോടെ ചെയ്തു. മരിച്ചപ്പോൾ അന്ത്യകർമ്മങ്ങൾ ചെയ്യേണ്ടതില്ല എന്നു തീരുമാനിച്ച കാലം.... അതിലർത്ഥമില്ല എന്നു കരുതിയ കാലം... ചോരത്തിളപ്പിന്റെ കാലം.... അങ്ങനെയും ഒരു കാലം....

അന്ന് പുളിവീട്ടിലെ രാധേഷിന്റെ ഭാര്യ അനിതയുടെ അച്ഛൻ വൈശ്യംഭാഗത്തെ ഒരു ഗുണകാംക്ഷി അന്ന് ഈ പതിനാറു വയസ്സുകാരനെ അടുത്തു വിളിച്ച് ഇങ്ങനെ പറഞ്ഞു. ഔദുംബരത്തിൽ മശകത്തിനു തോന്നുമതിൻ മീതെ ഗതാപി.... (അത്തിപ്പഴത്തിലിരിക്കുന്ന ഈച്ചയ്ക്ക് അതിനപ്പുറമുള്ള ലോകത്തെക്കുറിച്ച് അറിഞ്ഞുകൂട).

അവിടെ ശിവശങ്കരപ്പിള്ള സാറിനോടു തോറ്റു. പത്തി മടക്കി!

അന്ത്യകർമ്മങ്ങൾ ചെയ്തു.... ഇന്നോർക്കുമ്പോൾ ഒന്നും എനിക്കു നഷ്ടപ്പെട്ടില്ല. ചെറുതായി എന്നു തോന്നുന്നുമില്ല.

കുഞ്ഞേ ഇപ്പോളിങ്ങനെയൊക്കെ തോന്നും....

എന്നോളമായാലടങ്ങും എന്നു കൂടി അദ്ദേഹം പറഞ്ഞിരുന്നോ...?

ബാലചന്ദ്രന്റെ വരികൾ...

അന്ത്യകർമ്മങ്ങൾ ചെയ്തപ്പോൾ എനിക്കു കിട്ടിയതോ...? ഇനിയുള്ള ജീവിതകാലം മുഴുവൻ മാറ്റിനു മാറ്റം വരാത്ത നിധി! മനഃശാന്തി!

ഇതിനെല്ലാം ഭൂമിക്കാരൻ സാക്ഷി! അന്നിത്രമാത്രം പറഞ്ഞതായി ഓർക്കുന്നു: ശിവനെ.... നന്നായി വരും.... വരണം..... ഒ.എൻ.വി പാടി : താഴമ്പൂക്കാറ്റു തലോടിയ പോലെ...

തലവാചകങ്ങൾ പറഞ്ഞതു പോലെ ചിന്തകൾ ചിതറി...

ഞാൻ ഇരിക്കുന്നത് ഭൂമിക്കാരന്റെ അടുത്താണ്. അന്ന് ഞാൻ ചോദിച്ച ഒരു ചോദ്യം ഇങ്ങനെ: മനുഷ്യൻ സ്വാർത്ഥനാണെന്ന് തത്വചിന്തകനായിരുന്ന സാർത്ര് പറഞ്ഞിട്ടുണ്ടല്ലോ... അതുകൊണ്ട് നമ്മുടെ ഈ ദർശനത്തിന്റെ ചിന്തകൾ മനുഷ്യർ സ്വീകരിക്കുമോ...? നമുക്ക് പ്രതീക്ഷയ്ക്കു വകയുണ്ടോ....?

ഏതാനും നിമിഷത്തെ മൗനം..... സ്വതസിദ്ധമായ ചിരിയിൽ പൊതിഞ്ഞ ശാന്തമായ മറുപടി: സാർത്ര് സ്വാർത്ഥനല്ലായിരുന്നതു കൊണ്ടാണ് അതു ലോകത്തോടു വിളിച്ചു പറഞ്ഞത്.

എന്റെ ചോദ്യശരത്തിന്റെ മുന ഒടിഞ്ഞു. അന്നു മുതൽ എന്റെ മനസ്സിന്റെ ആഴങ്ങളിൽ അലയടിച്ചു നിന്നു ആ ഉത്തരം! അതെ ഒ. എൻ.വി പാടിയ പോലെ: ഒരു കുടന്ന നിലാവിന്റെ കുളിരുകോരി... നിറുകയിൽ അരുമയായ് കുടഞ്ഞ പോലെ.... ഞാനിരുന്നു.

നെഗറ്റീവിനെ പോസിറ്റീവ് എനർജി കൊണ്ടു പൊതിയുന്ന മാസ്മരവിദ്യ! ഞാൻ പിന്നെയും ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേ യിരുന്നു. കാരണം ഞാൻ സംശയാലുവായിരുന്നല്ലോ. നാടു മുഴു വൻ പ്രശനങ്ങളാണല്ലോ എങ്ങും ഒരു സമാധാനവുമില്ല. ഈ സംഘർഷങ്ങളുടെ ഇടയിൽ മനുഷ്യനെങ്ങനെ സ്വസ്ഥത കിട്ടും. ദർശനത്തിന് എന്തുചെയ്യാനാവും? എന്ന് ഞാൻ ചോദിച്ചു. ചോദ്യം കേട്ട് ഒരു ചെറു പുഞ്ചിരിയോടെ എന്നോട് പറഞ്ഞു. ശിവാ വെറുതേ ദുഃഖിച്ചിട്ട് ഒരു കാര്യവുമില്ല. നമുക്കാവുന്നത് നാം ചെയ്തു കൊണ്ടിരിക്കണം. പ്രതിവിധി കണ്ടെത്തി പ്രവർത്തിക്കണം. മനു ഷ്യനിലേയ്ക്ക് മനുഷ്യത്വം തിരിച്ചു കൊണ്ടു വരണം. ജീവനിലും ജീവിതത്തിലും നാം ഒന്നു തന്നെയല്ലേ. മനുഷ്യർ പരസ്പരം ഇണ ങ്ങുന്നതിനുള്ള ശ്രമം ഓരോരുത്തരും ചെയ്യണം. ആ ചിന്ത മറ്റു ള്ളവരിൽ ഊതി തെളിക്കുകയും ചെയ്താൽ സമൂഹത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്യും.

എല്ലാറ്റിനും കൃത്യതയും വ്യക്തതയും ഉള്ള മധുരമായ മറു പടി!

മറുകരയിലേക്കുള്ള വഞ്ചിയിൽ അമരക്കാരനെ പോലെ

സധൈര്യം ഒരാൾ!

നാളെ ഒരു കൂടിച്ചേരലുണ്ട്... ശിവന് അസൗകര്യമില്ലെങ്കിൽ വരാം... എന്റെ ചിതറിയ ചിന്തകൾ ഒരു കൂടു തീർത്തു. ആ കൂട്ടിലിരുന്ന് ഒ.എൻ.വി എന്ന കവി കോകിലം പാടുകയാണ്: ആത്മാവിൽ മുട്ടിവിളിച്ചതു പോലെ....

സ്നേഹാതുരമായ് തൊട്ടുരിയാടിയ പോലെ.... അതെ അതായിരുന്നു ഭൂമിക്കാരൻ.

ഇന്നും ആ ശബ്ദം കേൾക്കാം.... അതെ ശബ്ദത്തിൽ മറ്റൊരാൾ! ആ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടവും കാണാം....

ഉപ്പോളമാവട്ടെ ഈ ഉപ്പിലിട്ടത് എന്ന് പ്രാർത്ഥിച്ചു കൊണ്ട്.

അന്ന് അവിടെ നിന്ന് ഇറങ്ങുമ്പോൾ : കുന്നത്തെ വിളക്കു തെളിക്കും കയ്യാൽ.... കുഞ്ഞു പൂവിൻ അഞ്ജനത്തിൽ ചാന്തു തൊട്ടതു പോലെ..... ഞാനും...

ഇന്നും അകലെയാണെങ്കിലും മനസ്സു കൊണ്ട് പ്രാർത്ഥനയോടെ നിൽക്കൂ.... ഒരു നിമിഷം! ആ കവികോകിലം നമുക്കായ് വീണ്ടും പാടുന്നു. അരികിൽ നീ ഉണ്ടായിരിന്നെങ്കിലെന്നു ഞാൻ....

---

# "പുതിയ ലോകം പുതിയ വഴി" ഒരു അനുചിന്തനം

**(ഭാഗം 17)**

*(ദർശനത്തിന്റെ ബൈബിളായ പുതിയ ലോകം പുതിയ വഴിയിലൂടെ ശ്രീ. ജോർജ്ജ് മൂലേച്ചാലിന്റെ കൈപിടിച്ച് ഒരു പഠനയാത്ര തുടരുന്നു, കൂടെ പോന്നോളൂ)*

## പുതിയ ലോകത്തിൽ വിദ്യാഭ്യാസം

മനുഷ്യരുടെ സ്വതന്ത്രചിന്തയെയും വ്യക്തിത്വത്തെയും മുരടിപ്പിക്കുന്നതും അവരെ ചിന്താവിമുഖരാക്കുന്നതുമാണ് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായമെന്ന പങ്കജാക്ഷൻ സാറിന്റെ നിരീക്ഷണം, 'മാറ്റത്തിന്റെ തടസ്സക്കല്ല്' എന്ന ശീർഷകത്തിനുകീഴിൽ നാം മുമ്പു ചർച്ചചെയ്തിരുന്നതോർക്കുമല്ലോ. ആരൊക്കെയോ ചിന്തിച്ചു

കണ്ടെത്തിയത് പഠിച്ചു പഠിപ്പിക്കുന്നതുകൊണ്ട് വ്യക്തിത്വമോ ഭാവനയോ മൗലികചിന്തയോ ഉണരുകയില്ലെന്നും, മനുഷ്യന്റെ സവിശേഷ കഴിവായ മനനത്തിലൂടെ പഠിച്ചതിനെ മറികടക്കുന്ന ചിന്തന പ്രക്രിയയാണ് വിദ്യാഭ്യാസത്തിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതെന്നും അദ്ദേഹമതിൽ പറഞ്ഞുവച്ചിരുന്നു. ഒപ്പം, മനുഷ്യന്റെ സ്വതന്ത്രചിന്തയ്ക്കെതിരെ നിലകൊള്ളുന്ന മൂന്നു 'കൂട'ങ്ങളിലൊന്നായി പള്ളിക്കൂടങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ അവതരിപ്പിക്കുകയും ചെയ്തിരുന്നു, അദ്ദേഹം.

"പുതിയ വിദ്യാഭ്യാസത്തിന്റെ രൂപഭാവങ്ങൾ എങ്ങനെയായിരിക്കും?" എന്ന ചോദ്യത്തിന് അദ്ദേഹം നൽകുന്ന മറുപടിയിലൂടെ കടന്നുപോകുമ്പോഴാണ്, വിദ്യാഭ്യാസത്തെക്കുറിച്ചുള്ള യുക്തിഭദ്രമായ ഒരു മഹാഭാവനയുടെ വെള്ളിവെളിച്ചത്തുനിന്നുകൊണ്ടായിരുന്നു ഈ വിമർശനമെല്ലാമെന്ന് നമുക്കു മനസ്സിലാകുക. അദ്ദേഹം പറയുന്നു: "*ഒരു വ്യക്തിക്ക് അനന്തവിശാലമായ മഹാപ്രപഞ്ചവുമായുള്ള അഭേദ്യമായ ബന്ധം ബോധ്യപ്പെടുത്തിക്കൊടുക്കുന്ന പരിശീലനമാണു വിദ്യാഭ്യാസമെന്നു ഞാൻ പറയട്ടെ.... 'ഈശാവാസ്യം ഇദം സർവ്വം' എന്ന അറിവിന്റെ അഭ്യാസമാണു വിദ്യാഭ്യാസം.*" തുടർന്നദ്ദേഹം, വിദ്യാഭ്യാസത്തിനു താൻ നൽകിയ ഈ നിർവ്വചനത്തെ വിശദമാക്കുകയാണ്: "*ഭാഷകൾ പഠിക്കുന്നത് മനുഷ്യബന്ധം ഉറപ്പിക്കാനാണ്. ജന്തുശാസ്ത്രം പഠിക്കുന്നത് ജീവലോകവുമായുള്ള മനുഷ്യന്റെ അത്ഭുതകരമായ ബന്ധം മനസ്സിലാക്കി സഹകരിച്ചു ജീവിക്കാനാണ്. ഭൂമിശാസ്ത്രം പഠിക്കുന്നത് എന്റെ നാട് ഒറ്റപ്പെട്ടതല്ല; ആകെ ഭൂമിയോടൊന്നിച്ചുള്ളതാണ് എന്നു മനസ്സിലാക്കാനാണ്. തൊഴിൽ പഠിക്കുന്നത് എന്റെ കഴിവ് മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടുവാനാണ്. ചരിത്രം പഠിക്കുമ്പോൾ അറുപത്തിയേഴു വയസ്സുള്ള ഞാൻ അറുപത്തിയേഴായിരം വയസ്സുള്ളവനായിത്തീരും. വിദൂരഗ്രഹങ്ങളും നക്ഷത്രങ്ങളുമായി എന്റെ നിത്യജീവിതം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ജ്യോതിശാസ്ത്രപഠനത്തിലൂടെ ഞാനറിഞ്ഞ്, മഹാപ്രപഞ്ചങ്ങളെ തമ്മിലിണക്കി നിർത്തുന്ന സത്യസ്വരൂപന് ഞാൻ പ്രണാമങ്ങളർപ്പിക്കുന്നു. ഈ ലക്ഷ്യത്തിനുപകരം, പഠിക്കുന്നത് പണം കൂടതലാർജ്ജിക്കാനാണ് എന്നു വന്നാൽ ആ പഠനത്തിന് വിദ്യാഭ്യാസം എന്നു പറയാമോ?....*"

താൻ വിഭാവനം ചെയ്യുന്ന പുതിയ ലോകത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് അദ്ദേഹം പറയുന്നു: *“പുതിയ സമൂഹത്തിൽ വിദ്യാഭ്യാസം പാലിൽ വെണ്ണപോലെ ജീവിതത്തിൽ ലയിച്ചുനിൽക്കും പുതിയ ലോകത്തിൽ ഓരോരുത്തരും എന്നും വിദ്യാർത്ഥികളായിരിക്കും; എന്നും അദ്ധ്യാപകരുമായിരിക്കും. പ്രപഞ്ചമാകെ, സൗരയൂഥംങ്ങളുൾപ്പെടെ, നമ്മുടെ സർവ്വലാശാലയായിരിക്കും. വിദ്യാർത്ഥിക്കു പ്രായപരിധിയില്ല. പരീക്ഷകളില്ല, ഡിഗ്രികളില്ല. ഓരോരുത്തരുടെയും വാസനയ്ക്കനുസ്സരിച്ചും ആവശ്യത്തിനനുസ്സരിച്ചും പഠിക്കാനുള്ള സൗകര്യം നാടുനീളെ ഉണ്ടായിരിക്കും. കൃഷിയിടങ്ങൾ, വ്യവസായശാലകൾ, ആരോഗ്യകേന്ദ്രങ്ങൾ, ഉത്സവസ്ഥലങ്ങൾ, പാചകശാലകൾ എല്ലാം വിദ്യാലയങ്ങൾകൂടിയായിരിക്കും. ആർക്കും ഏതു വിദ്യാലയത്തിലും പോയി അവരോടൊന്നിച്ചു ചിന്തനത്തിൽ പങ്കെടുക്കാം. തനിക്കറിയാവുന്നത്, അവർക്കു താൽപ്പര്യമെങ്കിൽ അവരുടെ ചിന്തനത്തിനു വയ്ക്കുകയും ചെയ്യാം. വിവിധ ചിന്തനങ്ങൾക്ക് വേറെ വേറെ സ്ഥാപനങ്ങളും ഉണ്ടായിരിക്കും. ഓരോന്നും ഗവേഷണസ്ഥാപനങ്ങൾകൂടി ആയിരിക്കും.”*

ഈ ലേഖനഭാഗം പങ്കജാക്ഷൻസാറിന്റെ വാക്കുകളുടെ പകർത്തിയെഴുത്തു മാത്രമായിപ്പോകുന്നു എന്നറിയമ്പോഴും, അദ്ദേഹത്തിന്റെ മൗലികമായ വിദ്യാഭ്യാസചിന്തകൾ തുടർന്നും ഉദ്ധരിക്കാതിരിക്കാൻ കഴിയുന്നില്ല. അദ്ദേഹം പറയുന്നു: *“ഓരോ വിദ്യാലയവും അറിവുള്ള ഓരോരുത്തരിൽ കേന്ദ്രീകരിച്ചിരിക്കും. വിദ്യാർത്ഥികൾ വിദ്യാലയത്തിലേക്കല്ല, അദ്ധ്യാപകനിലേക്കാണു ചെല്ലുന്നത്. ‘നീ ഏതു വിദ്യാലയത്തിൽ പോകുന്നു’ എന്ന ചോദ്യമല്ല; ‘ആരുടെ അടുത്തുപോകുന്നു’ എന്ന ചോദ്യമാകും അന്നുണ്ടാകുക... സമൂഹങ്ങളിൽ കാലാകാലത്തുണ്ടാകുന്ന ആവശ്യങ്ങൾക്കനുസ്സരിച്ച് മനനവിഷയങ്ങളിൽ മാറ്റം വന്നുകൊണ്ടിരിക്കും. എന്നാൽ, ഏതു വിഷയം മനസ്സിലാക്കുമ്പോഴും അതോടൊന്നിച്ച് പാരസ്പര്യബോധം വളർത്തിക്കൊണ്ടിരിക്കും. ഏതൊരാൾക്കും ഒരു വിദ്യാലയം തുടങ്ങാം. ഏതൊരാൾക്കും ഏതു പ്രായത്തിലും ഏതു വിദ്യാലയത്തിലും ചെല്ലാം. വിദ്യാർത്ഥിയെക്കാൾ ചിലപ്പോൾ അദ്ധ്യാപകന് പ്രായവും അറിവും കുറവാണെന്നും വരും. ശബ്ദതരംഗങ്ങളുടെ ഗതിവിഗതികളെപ്പറ്റി ഏറ്റവും കൂടുതലറിവുള്ള*

*ലോകപ്രസിദ്ധനായ ഒരദ്ധ്യാപകൻ മണ്ണിനെപ്പറ്റി അറിയാൻ ഒരു കൃഷിക്കാരന്റെ കളപ്പുരയിൽ ചെല്ലും.*

*ഭാവിയിൽ ആവശ്യമാകുമെന്നു കരുതി കുട്ടികളുടെ തലയെ 'സ്റ്റോർ റൂ'മാക്കി നേരത്തെ എല്ലാം കുത്തിനിറക്കേണ്ടുന്ന ആവശ്യമേ മേലിൽ വരില്ല. പഠനം ആവശ്യത്തിനനുസ്സരിച്ച് ജീവിതത്തിന്റെകൂടെ നടന്നുകൊള്ളും.... വിദ്യാഭ്യാസം ആവശ്യത്തിനനുസ്സരിച്ചു മിതമായിരിക്കും. ജീവിതം മത്സരാധിഷ്ഠിതമായതുകൊണ്ടാണ് അന്യരെ തോൽപ്പിക്കാൻ ഓരോരുത്തർക്കും കൃത്രിമമായ അറിവുകൾ ഇന്നു തേടേണ്ടിവരുന്നത്... വിദ്യാഭ്യാസത്തെ തിരുത്തുകയല്ല; രക്ഷിക്കുകയല്ല; വിദ്യാഭ്യാസം തുടങ്ങുകയാണു വേണ്ടത്. പുതിയ സമൂഹജീവിതമാണ് പുതിയ വിദ്യഭ്യാസം. അനന്യഭാവന സാക്ഷാത്ക്കരിക്കുകയാണ് വിദ്യാഭ്യാസത്തിലടെ സാധിക്കേണ്ട മുഖ്യകാര്യം"* ('പുതിയലോകം പുതിയ വഴി' ആദ്യപതിപ്പ്, പേജ്, 62-66; 2-ാം പതിപ്പ്, പേജ് 49-52)

കുട്ടികളുടെ തലയെ വിവരങ്ങളുടെ സ്റ്റോർറൂമാക്കി മാറ്റി ഭാരപ്പെടുത്തുന്ന പ്രയോജനശൂന്യവും മനുഷ്യത്വവിരുദ്ധവുമായ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെയും പുതിയ സാമൂഹികജീവിതത്തിലൂടെ സംഭവിക്കുന്ന മാനുഷികമായ വിദ്യാഭ്യാസത്തെയും തമ്മിൽ തട്ടിച്ചുനോക്കി വിലയിരുത്താൻ ഇവിടെ നമുക്കു കഴിയുന്നു. എന്നാൽ, പങ്കജാക്ഷൻ സാർ മുന്നോട്ടു വയ്ക്കുന്ന വിദ്യാഭ്യാസദർശനം എത്രതന്നെ ശരിയും ഉദാത്തവുമെന്ന് നാമംഗീകരിച്ചാലും, ഭരണകൂടം അച്ചുകൂടം എന്നിവയുടെ അധീനതയിലിരിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ അപ്രകാരം മാറ്റിയെടുക്കാനാവില്ലെന്നതാണു യാഥാർത്ഥ്യം. അതായത്, പുതിയ സാമൂഹികജീവിതം കെട്ടിപ്പടുത്തുകൊണ്ടുമാത്രമേ അതു സാധിക്കൂ. അതുകൊണ്ടാണ്, 'പുതിയ സമൂഹജീവിതമാണ് പുതിയ വിദ്യാഭ്യാസം' എന്നദ്ദേഹം എടുത്തു പറഞ്ഞിരിക്കുന്നത്. 'വിദ്യാഭ്യാസം തുടങ്ങുകയാണു വേണ്ടത് എന്നദ്ദേഹം പറയുമ്പോൾ, അതിനായി പുതിയ സമൂഹജീവിതത്തിനു തുടക്കംകുറിക്കുകയാണു വേണ്ടത് എന്നുതന്നെയാണ് അദ്ദേഹം അർത്ഥമാക്കുന്നത്.

**ജോർജ്ജ് മൂലേച്ചാലിൽ** ഫോൺ: 9497088904

# അറിവും ബോധവും

അങ്ങനെ ഒരു ഞായറാഴ്ച ഞാനും ലതയും സതീഷ് ചന്ദ്രൻ, പ്രേമ, ഗോവിന്ദൻ, സാം ജോസ് എന്നിവരുമായി വള്ളിക്കാവിൽ പോയി. നല്ല തിരക്കുണ്ടായിരുന്നു. തിരക്ക് ഞങ്ങൾക്ക് പ്രശ്നമല്ല. എല്ലാം ഒന്ന് കണ്ടും കേട്ടും പോരുക എന്നുള്ളതല്ലാതെ യാത്രയ്ക്ക് ഒരു ലക്ഷ്യവുമില്ലായിരുന്നു. ആശ്രമമെല്ലാം ചുറ്റി നടന്ന് കണ്ടു കളരിയിൽ കയറി തൊഴുതു. അടുത്ത മുറിയിൽ അമ്മയുടെ ബാല്യകാല സാധനാ ചിത്രങ്ങൾ അനവധി പ്രദർശിപ്പിച്ചിട്ടുണ്ട്. ഓട്ടൂർ ഉണ്ണി നമ്പൂതിരിപ്പാടും പ്രഭാകര സിദ്ധയോഗിയും അമ്മയോടൊപ്പമുള്ള ചിത്രങ്ങളും കാണാം. അമ്പോ! അതിനിടയിൽ അതാ ശങ്കരാഭരണം അമ്മയുടെ കഴുത്തിൽ ചുറ്റികിടക്കുന്ന ചിത്രവും കാണാം. പാമ്പും പരുന്തും പശുവും പട്ടിയും അമ്മയ്ക്ക് കളിത്തോഴർ തന്നെ പ്രപഞ്ചലീല. ഞങ്ങൾ കടപ്പുറത്തേയ്ക്ക് നടന്നു. ഇവിടെ ഒരു ആയുർവ്വേദ റിസർച്ച് സെന്റർ ഉണ്ട്. മാലിന്യ സംസ്കരണ പ്ലാന്റും പൊതുശ്മശാനവും ഇവിടെത്തന്നെ. സുന്ദരമായ കടപ്പുറം. വാർത്തിട്ടിരിക്കുന്ന ബെഞ്ചുകൾ, കസേരകൾ, ലൈറ്റുമുണ്ട്. ഞങ്ങൾ പുലിമുട്ടിൽ കയറിയിരുന്ന് അസ്തമനം കണ്ടു. ദർശനവും അമ്മയുടെ ഒരു ലേഖനവും വായിച്ചു. തിരികെ വന്ന് കാന്റീനിൽ കയറി ലഘു ഭക്ഷണം കഴിച്ചു. അമ്മ രാവിലെ മുതൽ വേദിയിൽ ദർശനം കൊടുത്തു കൊണ്ടിരിക്കുന്നു. നമ്മുടെ കയ്യിലും ഒരു കൊച്ചു ദർശനമിരിപ്പുണ്ടല്ലോ അതിന്റെ ബലത്തിൽ പപ്പേട്ടൻ ടോക്കൺ തന്ന് ഞങ്ങളെ ദർശന വരിയിൽ കയറ്റിവിട്ടു. അങ്ങിനെ ഞങ്ങളും അമ്മയുടെ അരികിലെത്തി. അമ്മ എല്ലാവരേയും ആലിംഗനം ചെയ്ത് മുത്തം നൽകി സ്നേഹത്തിന്റെ വിത്തും കൊടുത്തു വിടുന്നു. എന്തു വേണം മോനെ എന്ന് അമ്മയെന്നോട് ചോദിച്ചു. അവസരം കിട്ടിയാൽ ചോദിക്കാനൊരു ചോദ്യം കരുതി വെച്ചിരുന്നു. ഞാൻ അത് ചോദിച്ചു. അമ്മേ! പല നല്ല പുസ്തകങ്ങളും വായിക്കാറുണ്ട്. അതിലൂടെ കിട്ടുന്ന അറിവുകളൊന്നും എന്റെ സ്വഭാവ തലത്തിലെത്തുന്നില്ല. ക്ഷമയെക്കുറിച്ച് വായിച്ചാൽ ക്ഷമ ഉണ്ടാകുന്നില്ല. വാസനകൾക്ക് ക്ഷയമില്ല. അറിവൊന്നും തന്നെ ബോധമാകുന്നില്ല. അമ്മ അനുഗ്രഹിക്കണം. ചോദ്യം കേട്ട് അമ്മ പൊട്ടിച്ചിരിച്ചു. എന്നിട്ട് ചുറ്റുമുള്ളവരോടായി പറഞ്ഞു. കേട്ടോ മക്കളേ ഈ മോൻ ചോദി

ക്കുന്നത്, അറിവ് എങ്ങിനെയാണ് ബോധമാകുന്നതെന്ന്? മക്കള് പറയൂ എന്ന് അമ്മ പറഞ്ഞെങ്കിലും അവരാരും അതിന് ഉത്തരം പറയാൻ ധൈര്യപ്പെട്ടില്ല. അപ്പോൾ അമ്മ മറ്റൊരു ചോദ്യം ചോദിച്ചു. മക്കളേ കടലിൽ വേലിയേറ്റമുണ്ടാകുമ്പോൾ എന്ത് സംഭവിക്കും? ജലനിരപ്പ് ഉയരുമെന്ന് അവർ പറഞ്ഞു. അത് അംഗീകരിച്ചു കൊണ്ട് അമ്മ വിശദീകരിച്ചു. നോക്കൂ! വേലിയേറ്റം ഉണ്ടാകുമ്പോൾ കടലിലെ ജലവിതാനം ഉയർന്നു വരും. അതുപോലെ മനസ്സിൽ പ്രേമഭക്തി ഉണ്ടാകുമ്പോൾ പരസ്പര സ്നേഹം ഉണ്ടാകും. ഹൃദയം കാരുണ്യം കൊണ്ട് നിറയും. ദുർവാസനകൾ ക്ഷയിച്ച് മനസ്സ് സ്വതന്ത്രമാകും. അറിവ് സ്വഭാവമായി ബോധമായി പരിണമിക്കും ശാന്തിയും സമാധാനവും കൈവരും. അമ്മയുടെ വിശദീകരണം കേട്ട് സന്തോഷത്തോടെ പ്രസാദമായി തന്ന പഴവും വാങ്ങി ഞങ്ങൾ വേദിവിട്ടിറങ്ങി. പഴം പങ്കിട്ടു കഴിച്ചു. അമ്മയുടെ സന്ദേശം ഞങ്ങളിരുന്ന് പഠിച്ചു. സ്നേഹവും കാരുണ്യവും കൊണ്ട് നമ്മുടെ മനോനില ഉയരുമ്പോഴാണ് മനസ്സിലെ ദുർവാസനകൾ ഒഴിഞ്ഞു പോകുന്നത്. അതോടെ നമ്മുടെ പ്രശ്നങ്ങളെല്ലാം അസ്തമിക്കും. ഇത് തന്നെയല്ലേ അച്ഛൻ നിരന്തരം പറഞ്ഞു കൊണ്ടിരുന്ന വിശ്വമൈത്രീഭാവന. അന്തഃസത്ത ഒന്നു തന്നെ. പപ്പേട്ടനെ കണ്ട് ഞങ്ങളെ അമ്മയുടെ അടുത്തേയ്ക്ക് വിട്ടതിന് നമസ്കാരം പറഞ്ഞു. ആശ്രമത്തിൽ നിന്ന് കഞ്ഞിയും പുഴുക്കും കഴിച്ചു. അമൃതാനന്ദമയീ മഠത്തിൽ നിന്നും ലഭിച്ച സന്തോഷകരമായ ഒരു സായാഹ്നം മനസ്സിൽ സൂക്ഷിച്ച് ഞങ്ങൾ തൊഴുതിറങ്ങി.

# കൊച്ചു വർത്തമാനം

## 1. പക്ഷഭേദവും, പക്ഷാഘാതവും

*ഈ ലേഖനം എഴുതി കഴിഞ്ഞപ്പോൾ ദർശനത്തിലിടുവാൻ യോഗ്യമോ എന്നൊരു സംശയം. അതിനാൽ പരിശോധിക്കാൻ ഡോ. അമ്പലപ്പുഴ ഗോപകുമാറിനെ ഏൽപ്പിച്ചു. അത് കൊള്ളാമെന്ന് പറഞ്ഞ് ഗോപൻസാർ പത്രാധിപരായുള്ള ശ്രീവത്സം മാസികയിൽ പ്രസിദ്ധീകരിച്ചു. അത് എനിക്ക് ധൈര്യമായി.*

നല്ലവനായ ഒരു മനുഷ്യനെ കണ്ടെത്താനായി ഏഥൻസിലെ

വീഥികളിലൂടെ പകൽ ഒരു റാന്തൽ വിളക്കുമായി നടന്ന ഡയോജ നിസിനെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. പട്ടാമ്പിക്കടുത്ത് രായ്ച്ചനല്ലൂർ എന്ന ഗ്രാമത്തിലെ മലമുകളിലേയ്ക്ക് ഒരു പാറ ഉരുട്ടി കയറ്റിയ ശേഷം താഴേയ്ക്ക് ഉരുട്ടി വിട്ട് പൊട്ടിച്ചിരിക്കുന്ന അവധൂതനായ നാറാണത്തിനെ നാം ഭ്രാന്തനെന്നു വിളിച്ചു. ധനത്തിനും സ്ഥാനമാ നങ്ങൾക്കും വേണ്ടിയുള്ള മനുഷ്യന്റെ ഭ്രാന്ത് അവനെ ബോധ്യപ്പെ ടുത്തുവാനാണ് ഈ വിചിത്ര പ്രവൃത്തികളിലൂടെ മഹാത്മാക്കൾ ശ്രമിച്ചത്. മുകളിൽ നിന്നും താഴോട്ട് ഉരുണ്ടു പോകുന്ന പാറ പോലെ ഇവിടെ വാരിക്കൂട്ടിയ ഭൗതിക നേട്ടങ്ങളെല്ലാം മരണത്തോടെ അവ സാനിക്കുന്നു. ആരാണ് ഭ്രാന്തൻ? നാം സാധാരണക്കാരെയും മഹ ത്തുക്കളെയും വരെ വിമർശിക്കാറുണ്ടല്ലോ. ഇത് സ്വയം ഒന്ന് ചെയ്തിരുന്നെങ്കിൽ നാം എന്നേ നന്നാകുമായിരുന്നു. സ്വയം വില യിരുത്തണമെങ്കിൽ നാം സ്വതന്ത്രരായിരിക്കണം. 1947 ആഗസ്റ്റ് 15ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി. ഇന്ത്യക്കാർക്കോ? വർഷം 70 കഴി ഞ്ഞിട്ടും നാമിപ്പോഴും സ്വതന്ത്രരല്ല. നമ്മുടെ മനസ്സിൽ നിന്നും അടി മത്തം വിട്ടു മാറിയിട്ടില്ല. ഭരണ മാറ്റം കൊണ്ട് അത് മാറില്ല. അതിന് ബോധപൂർവ്വമായ പരിശ്രമം കൂടിയേ തീരു. നാം ഏതൊരു പ്രശ്ന ത്തേയും കാണുകയും വിലയിരുത്തുകയും ചെയ്യുന്നത് നമ്മുടെ നിലപാട് തറയിൽ നിന്നുകൊണ്ടാണ്. അതിനു സത്യവുമായി അന്ത രമുണ്ടെങ്കിൽ നിർണ്ണയങ്ങൾ തലകീഴായി മറിയും. താളം തെറ്റിയ മനസ്സ് നമ്മെ തെറ്റായ വഴിയേ നയിക്കും. നാം വേണ്ടാത്ത കുണ്ടു കളിൽ ചെന്ന് ചാടുകയും ചെയ്യും. അച്ചു കേടായാൽ അതിൽ വാർക്കുന്നതൊന്നും ശരിയാവുകയില്ല.

അതിനാൽ ആദ്യം വേണ്ടത് നല്ല ആരോഗ്യമുള്ള ഒരു ശരീര വും, അതിൽ സ്വതന്ത്രമായ ഒരു മനസ്സുമാണ്. നല്ല ഭക്ഷണം മിത മായി ഉപയോഗിച്ചും വ്യായാമം ചെയ്തും ഇടയ്ക്കിടെ ഉപവസിച്ചും ആരോഗ്യം നേടിയെടുക്കാം. മനസ്സിന്റെ സ്വാതന്ത്ര്യത്തിനായി ഒരു രണ്ടാം സ്വാതന്ത്ര്യസമരം തന്നെ നടത്തേണ്ടി വരും. നമ്മിലെ ദുർവാ സനകൾക്കെതിരായാണ് ഇത് നടത്തേണ്ടത്. അഹങ്കാരത്തിനും, സ്വാർത്ഥതയ്ക്കും ക്രോധത്തിനുമെതിരെ സ്നേഹവും, ക്ഷമയും പ്രയോഗിക്കണം. **ആദ്യം മനസ്സിന്റെ ഒരു സെൽഫി എടുത്ത് നോക്കുക. ഭൂമിയിൽ ആരോടെങ്കിലും എനിക്ക് വെറുപ്പുണ്ടോ?**

**ഭയമുണ്ടോ? പക്ഷഭേദമുണ്ടോ? എന്റെ മനസ്സ് സ്വതന്ത്രമാണോ? ഏതെങ്കിലും ഒരു വ്യക്തിയോ സമൂഹമോ എനിക്കുള്ളതല്ലെന്നും അവർ നശിച്ചു പോകണമെന്നും ഞാൻ വിചാരിക്കാറുണ്ടോ? എല്ലാ വരുടേയും അഭ്യുദയം ഞാൻ ആഗ്രഹിക്കുന്നുണ്ടോ? ഇത്തരത്തിൽ ഒരു മനോവിശകലനം നടത്തി നോക്കുക. വിപരീത മറുപടിയാണ് കിട്ടുന്നതെങ്കിൽ എന്റെ വിശ്വാസ പ്രമാണങ്ങൾ അടിസ്ഥാനരഹി തമാണെന്ന് മനസ്സിലാക്കാം.** പ്രിയ സുഹൃത്തെ ഇതൊന്ന് ചെയ്തു നോക്കുക എന്നിട്ട് തുടർന്നു വായിക്കുക.

നമ്മുടെ കയ്യ്, കാല്, തല എന്നിവയേക്കാൾ ഉപരി സൂക്ഷ്മ മായ ഒരു ഭാഗമാണ് മനസ്സ് അത് ശുദ്ധവും ബുദ്ധിക്ക് അധീനവും പക്ഷപാതരഹിതവുമായിരിക്കണം. സ്വതന്ത്രമായി ചിന്തിച്ച് കാര്യ ങ്ങളെ വിലയിരുത്താൻ കഴിയണം. മനസ്സിനെ ഒരു കണ്ണാടിയായി കരുതുക. ലോക സംഭവങ്ങൾ മനസ്സിൽ വന്ന് തട്ടിയിട്ടാണ് നാം കാണുന്നത്. മനസ്സില്ലെങ്കിൽ കണ്ണുണ്ടായാലും കാണില്ല. ആ കണ്ണ് ഇന്ന് പക്ഷപാതവും സ്വാർത്ഥതയും പിടിച്ച് അടുക്കളയിലെ പുക പിടിച്ച ബൾബ് പോലെ പ്രകാശത്തെ മറച്ചിരിക്കുന്നു. മനസ്സിനെ ഒന്ന് സ്വയം തുടച്ചെടുക്കണം. അതിനല്ലേ ശ്രീനാരായണ ഗുരു ദേവൻ കളവംകോടത്ത് കണ്ണാടി പ്രതിഷ്ഠ നടത്തിയത്. കണ്ണാടി നോക്കി മനം മിനുക്കുക. ഈശ്വര ചൈതന്യം നിറഞ്ഞിരിക്കുന്ന ഈ ഭൂമിയിൽ നല്ലത് കാണാൻ കഴിഞ്ഞില്ലെങ്കിൽ നിഷേധാത്മക ശക്തികൾ നമ്മെ ഭയപ്പെടുത്തി കൊണ്ടിരിക്കും. നോക്കൂ എത്ര പേരീ ഭൂമിയിൽ ദൈവവിശ്വാസത്തോടും, സമാധാനത്തോടും കൂടി കഴിയുന്നു? എല്ലാവരും വെറുതെ ഭയപ്പെടുകയാണ്. നമ്മുടെ കർമ്മ ഫലങ്ങളല്ലാതൊന്നും നമ്മുടെ നേരെ പോരിന് വരികയില്ല, നമ്മെ രക്ഷിക്കുകയുമില്ല. പക്ഷപാതത്തിന്റെ കണ്ണട ഊരി ദൂരെ വലിച്ചെറി യുക ഇതുകൊണ്ട് ലോകം നോക്കി കണ്ടാൽ എല്ലാം മലിനമായി തോന്നും.

പക്ഷഭേദമുള്ള ഒരാൾ യഥാർത്ഥത്തിൽ വികലാംഗനാണ്. അയാൾക്ക് നേരെ ചൊവ്വേ ചിന്തിക്കാനാവില്ല. മനസ്സിന്റെ അന്തർഭാ വങ്ങളിൽ കുടികൊള്ളുന്ന ശ്രേഷ്ഠ ഗുണങ്ങൾ പുറത്തു വരാനാ വാതെ തടയപ്പെട്ടു കിടക്കും. ഈ സ്ഥിതി ശരീരത്തിന് വരുമ്പോൾ നേരേ ചൊവ്വേ നടക്കാനാവാതെ വരുമ്പോൾ അതിന് പക്ഷാഘാ

തമെന്ന് പറയുന്നു. ഒരു വശം തളർന്നു പോയ അവസ്ഥ. നടക്കാൻ ഒരു വടി വേണം. പക്ഷഭേദവും, പക്ഷാഘാതവും ഒന്നു തന്നെ. പക്ഷഭേദക്കാരനും വികലാംഗനാണ്. നേരെ ചിന്തിക്കാനാവാത്ത തിനാൽ തന്റെ ശരിയെന്ന അയഥാർത്ഥമായ വടികുത്തിയാണ് നട ക്കുന്നത്. ഇടയ്ക്ക് തന്റെ ശരിയെക്കുറിച്ച് ഒരു ആത്മ പരിശോധന നടത്തണം.

പക്ഷഭേദപരമായ ചിന്ത സർവ്വ അനർത്ഥങ്ങൾക്കും കാരണ മാണ്. വീട്ടിനുള്ളിലും രാജ്യങ്ങൾ തമ്മിലും ഉള്ള പ്രശ്നങ്ങളുടെ കാരണവും ഇവിടെ ചെന്നെത്തുന്നു. പാണ്ഡവർക്ക് താമസിക്കു വാൻ ഒരു വീടെങ്കിലും ദുര്യോധനൻ നൽകിയിരുന്നെങ്കിൽ മഹാ ഭാരത യുദ്ധം ഒഴിവാക്കാമായിരുന്നു. ദുര്യോധനന്റെ വാശി സർവ്വ നാശത്തിനും കാരണമായി. എന്നാൽ ഇതാ നിഷ്പക്ഷതയുടെ ഒരു മകുടോദാഹരണം. കുന്തിയും മക്കളും അരക്കില്ലത്തിൽ നിന്നും രക്ഷപെട്ട് ഏകചക്ര എന്ന ഗ്രാമത്തിൽ ഒരു വീട്ടിൽ അതിഥികളായി പാർക്കുന്ന കാലം അവിടെ ഒരു സംഭവമുണ്ടായി. വീട്ടുകാർ തമ്മിൽ തർക്കവും കരച്ചിലുമാണ്. ഗ്രാമനിയമം അനുസരിച്ച് അവരുടെ ഒരംഗത്തെ ആഴ്ചതോറും ബകൻ എന്ന രാക്ഷസന് ഭക്ഷണമായി കൊടുക്കണം. ഇല്ലെങ്കിൽ അവൻ നാട്ടുകാരെയെല്ലാം കൊന്നൊ ടുക്കും. ഇന്ന് ഈ വീട്ടുകാരുടെ ഊഴമാണ്. അച്ഛൻ ശരീരത്യാഗ ത്തിന് തയ്യാറായി. പക്ഷേ ഭാര്യ സമ്മതിക്കുകയില്ല. നിങ്ങൾ കുടുംബം നോക്കേണ്ടയാളാണ് ഇവിടെ നിൽക്കുക എന്നെ അവന് ഭക്ഷണമായി കൊടുക്കുക. അത് പറ്റില്ലെന്ന് ഭർത്താവും **നിന്നെ ജീവിതകാലം മുഴുവൻ സംരക്ഷിക്കണം എന്നുള്ളതാണ് പാണിഗ്ര ഹണ മന്ത്രം** . നിങ്ങളെ രണ്ടു പേരെയും വിടില്ല ഞാൻ പൊയ്ക്കൊ ള്ളാമെന്ന് മകനും, ഗംഭീരമായ തർക്കം. ഇതു കേട്ട് കുന്തി ഇടപെ ടുന്നു. നിങ്ങളാരും വിഷമിക്കേണ്ട. എനിക്ക് അഞ്ചു മക്കളുണ്ടല്ലോ ഞാനൊരാളെ ബലി കൊടുത്തോളാം. നിങ്ങൾ ഞങ്ങളുടെ അതി ഥികളാണ്, അതിഥികളെ ബലികൊടുക്കാൻ പറ്റില്ലെന്ന് ഗൃഹനാ ഥൻ . വീണ്ടും തർക്കം. അവസാനം കുന്തി ജയിക്കുന്നു. എന്നാൽ പിന്നെയും പ്രശ്നം തീരുന്നില്ല. മക്കളിൽ ആരെ കൊടുക്കണം. ഭീമനെ കൊടുക്കാൻ തന്നെ കുന്തി തീരുമാനിച്ചു. അത് പറ്റില്ലെന്ന് ധർമ്മപുത്രർ. മൂത്ത മകൻ ഞാനാണ് ഞാൻ ജീവിച്ചിരിക്കുമ്പോൾ

അനിയനെ ബലികൊടുക്കുന്നത് ശരിയല്ല. നീ രാജ്യം ഭരിക്കേണ്ട വനാണെന്ന് പറഞ്ഞ് കുന്തി അത് നിരസിച്ചു. അപ്പോൾ ഇളയ മകൻ സഹദേവൻ രംഗത്തു വന്ന് എന്നെ കൊടുക്കണമെന്നായി. അത് ഒട്ടും പറ്റില്ലെന്ന് കുന്തി. നിങ്ങളെ നിങ്ങളുടെ അമ്മ മാദ്രി അവരുടെ മരണ സമയത്ത് എന്നെ ഏൽപ്പിച്ചതാണ്. നിങ്ങളെ കുരുതി കൊടുക്കുന്ന പ്രശ്നമേയില്ല. അപ്പോൾ അമ്മ ഞങ്ങളെ വേറെയായി കാണുന്നു. എന്തൊരു സുന്ദരമായ പുകിലാണ് അവിടെ നടന്നതെന്ന് നോക്കൂ. നിഷ്പക്ഷതയുടെ ത്യാഗത്തിന്റെ കളരിപ്പയറ്റ്. ദേവതകൾ പുഷ്പവൃഷ്ടി ചെയ്യുന്ന അന്തരീക്ഷം അവസാനം ഭീമനെ ബകന് ഭക്ഷിക്കാൻ കൊടുക്കുന്നു. ബകന് ഭക്ഷണം ഇഷ്ടപ്പെട്ടു. നല്ല തുടിച്ച ശരീരം. പക്ഷേ, ഭീമന്റെ ഇടി കിട്ടിയതോടെ അവന്റെ ജീവനും പോയി.

മാനസികമായ അടിമത്തം ഈശ്വരകൃപ ലഭിക്കുവാൻ നമുക്ക് തടസ്സമായി നിൽക്കുന്നു. നമ്മുടെ ഉള്ളിലുള്ള സ്നേഹത്തെ ഉണർത്തി വളർത്തി വിശാലമാക്കുകയല്ലാതെ ഈ ബാധയിൽ നിന്ന് മുക്തമാകുവാൻ മറ്റ് വഴികളില്ല. മഹാത്മജി ബ്രിട്ടീഷുകാരെ ഭയ പ്പെട്ടില്ല എതിർത്തില്ല. അവരെ ശത്രുക്കളായി കണ്ടില്ല നമ്മുടെ നാട്ടിൽ വന്ന് നമ്മെ കീഴടക്കി ഭരിച്ചവരോട് ഇന്ത്യ വിടുക എന്ന് ആഹ്വാനം ചെയ്തു അവർ ഇന്ത്യ വിട്ടു. നമ്മുടെ മനസ്സിൽ കുടി യേറി പാർത്ത പക്ഷഭേദം, ഭയം, സ്വാർത്ഥത എന്നിവരേയും ഇറക്കി വിടുമ്പോഴാണ് നമുക്കും സ്വാതന്ത്ര്യം കിട്ടുന്നത്. നമ്മുടെ പ്രവർത്തി കളെ അവയുടെ കാലശേഷം നാം പരിശോധിച്ചാൽ പക്ഷഭേദപര മായ നമ്മുടെ പൂർവ്വകാല കർമ്മങ്ങൾ ഗുണത്തേക്കാളേറെ ദോഷ കരമായിരുന്നു എന്ന് മനസ്സിലാക്കാം. ധർമ്മാനുസൃതമല്ലാത്ത എല്ലാ ചിന്തകളും, കർമ്മങ്ങളും നമുക്ക് ദോഷം ചെയ്യും. ഏത് സംഭവ ത്തേയും ജീവിതാനുഭവങ്ങളേയും എന്റേത്, എന്റെ ബന്ധുക്കളു ടേത്, മതത്തിന്റേത്, രാഷ്ട്രീയത്തിന്റേത് എന്ന താണ തലങ്ങളിൽ കാണാതെ സ്വതന്ത്രമായി വീക്ഷിക്കുവാനും പ്രതികരിക്കുവാനും നമുക്ക് കഴിയണം. എന്നാൽ സ്വാഭിപ്രായം അന്തരീക്ഷത്തിന്റെ ശാന്തിക്ക് ഭംഗം വരുത്തും എന്നു കണ്ടാൽ തത്ക്കാലം മൗനം ആചരിക്കുന്നതാണ് നല്ലത്. വെറുതെ കോലാഹലം ഉണ്ടാക്കേണ്ട. ശുഭചിന്തകൾ അന്തരീക്ഷത്തിൽ അനുരണനങ്ങൾ സൃഷ്ടിക്കു

കയും സംഭവിക്കേണ്ടത് എന്തോ അത് സംഭവിക്കുകയും ചെയ്യും. ഈ ലോകമൊന്നും നടത്തുന്നത് നമ്മളല്ലല്ലോ. വിശ്വമാകെ നിറഞ്ഞിരിക്കുന്ന ശക്തി ഇത് നിയന്ത്രിക്കുവാൻ നമ്മളെയാരെയും കൂട്ടിന് വിളിച്ചിട്ടില്ലല്ലോ. നമുക്കൊരു ജീവിതം തന്നു അത് പരോപകാരപ്രദമായി ജീവിച്ച് തീർക്കുക എന്നിട്ട് കടന്നു പോകുക. നമ്മുടെ ജീവിതകാലം സംശയിച്ചും ചോദ്യം ചോദിച്ചും സമയം കളയാതെ കർമ്മ നിരതനാകുക. നിഷ്പക്ഷനായ സ്വതന്ത്രനായ ബുദ്ധിജീവിയാണ് താനെന്ന് തെളിയിക്കാൻ വേണ്ടി ആരേയും കുറ്റപ്പെടുത്തേണ്ട. ഇന്ന് സമൂഹത്തിൽ നല്ലത് പറഞ്ഞോ പ്രവർത്തിച്ചോ അല്ല ആരെയെങ്കിലും ചോദ്യം ചെയ്തോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നതാണ് വലിയവനാകാനുള്ള മാർഗ്ഗമായി പലരും സ്വയം കരുതിവെച്ചിരിക്കുന്നത്. ആരെയും കിട്ടില്ലെങ്കിൽ മഹാത്മജിയുടെ നേരെ തിരിയും (അതാകുമ്പോൾ പേടിക്കേണ്ടല്ലോ കയ്യിലൊരു വടിയുണ്ടെങ്കിലും അടി കിട്ടുകയില്ല). ഗാന്ധിയാണ് രാജ്യത്തെ എല്ലാ കുഴപ്പങ്ങൾക്കും കാരണം. ശരി സുഹൃത്തെ അങ്ങേർക്ക് അങ്ങനെയൊരു അബദ്ധം പറ്റി. ആട്ടെ തന്റെ പണിയെന്താണ്? ഇങ്ങനെ കുറ്റം പറഞ്ഞോണ്ടിരിക്കുക തന്നെ. ശരി അതും നടക്കട്ടെ. എല്ലാം കർമ്മ നിയമങ്ങൾക്ക് അധീനമാണെന്നോർക്കുക. **മാറ്റുവിൻ ചട്ടങ്ങളെ, അല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെ താൻ** .

ഡോ. സുകുമാർ അഴീക്കോട് അച്ഛനെ വിശ്വപൗരൻ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. അച്ഛനെ അങ്ങനെ രൂപപ്പെടുത്തിയെടുത്തതിൽ മഹാത്മജിക്കും അതിലേറെ വിനോബാഭാവയ്ക്കും പങ്കുണ്ട്. എന്നാൽ വിനോബാഭാവെ ഗോവധ നിരോധനത്തിനായി ഉപവസിച്ചപ്പോൾ അച്ഛൻ അതിനെ എതിർത്ത് കത്തെഴുതി. ഗീതാപ്രവചനം വായിക്കൂ എന്നായിരുന്നു വിനോബാ ഭാവെയുടെ മറുപടി. എന്തായാലും ഗുരുതുല്യനായിരുന്ന മഹാത്മാവിന്റെ പ്രവൃത്തികളേപ്പോലും നിഷ്പക്ഷമായി വിലയിരുത്താൻ അച്ഛന് കഴിഞ്ഞു. അത് ശരിയോ തെറ്റോ ആവാം. നമുക്കും അത് കഴിയേണ്ടതാണ്. ഇനി മേനോൻ സാറിന്റെ ഒരു കൊച്ചു തമാശ കൂടി പറഞ്ഞ് ഈ ലേഖനം അവസാനിപ്പിക്കട്ടെ. അമ്പലപ്പുഴയിൽ ദർശനത്തിന്റെ ഒരു യോഗം മഹാനായ ഗുരു നിത്യചൈതന്യയതിയുടെ പ്രസംഗം – നമ്മളെല്ലാം

ഒരേ ഉണ്മയുടെ ഭാഗമാണെന്നും വ്യത്യസ്തതകൾ പുറത്തു മാത്ര മാണെന്നും നാമിവിടെ സഹകരിച്ച് ജീവിക്കുകയാണ് സ്വസ്ഥജീവി തത്തിനുള്ള ഏക മാർഗ്ഗമെന്നും ഗുരു ആഹ്വാനം ചെയ്യുന്നു. അതിന്റെ അവസാന ഘട്ടത്തിൽ ചില തമാശകളും ഭക്ഷണ വിഷയ ങ്ങളും ഉണ്ടായിരുന്നു. ഗുരു തന്നെ കണ്ടെത്തിയ ആപ്പിൾ പൈ എന്ന സ്വാദിഷ്ടമായ ഒരു ഭക്ഷണത്തെക്കുറിച്ച് വിശദീകരിച്ചു. അതിൽ ആപ്പിൾ പുഴുങ്ങി തൊലി കളഞ്ഞ് തേനും ചില പൊടി കളും ചേർത്ത് മിക്സിയിലടിച്ച് ഐസ്ക്രീം പോലെയാക്കി പൂരി യുണ്ടാക്കുമ്പോൾ അതിന്റെയിടയിൽ ചേർത്ത് കഴിച്ചാലുള്ള രുചി യെക്കുറിച്ച് വർണ്ണിച്ചു. അത് ആസ്വദിച്ച് പ്രസംഗം കഴിഞ്ഞയുടൻ എല്ലാവരും കയ്യടിച്ചു, എന്നാൽ അച്ഛൻ എണീറ്റ് ആരും പോകരു ത്, ഗുരു പറഞ്ഞ ആശയങ്ങളല്ലാതെ ആഹാരരീതി നല്ലതല്ലെന്ന് വിനയപൂർവ്വം പറഞ്ഞു. പഴങ്ങൾ സൂര്യനാൽ പാചകം ചെയ്യപ്പെട്ട താണ് പിന്നീട് പുഴുങ്ങിയാൽ ജീവകങ്ങൾ നഷ്ടമാകും എന്ന് പറ ഞ്ഞപ്പോൾ എല്ലാവരും ചിരിച്ച് അത് സ്വീകരിച്ചു ഗുരുവും അതിൽ പങ്കു ചേർന്നു. യോഗം കഴിഞ്ഞപ്പോൾ മുരളീധരമേനോൻ സാറിന്റെ ഒരു കമന്റ്. ഞാൻ കൊച്ചീ മഹാരാജാവായിരുന്നെങ്കിൽ സാറിനി പ്പോൾ ഒരു വീരശൃംഖല തരുമായിരുന്നു. നമ്മളെല്ലാം വലിയവ രുടെ വാക്കുകൾ വിഴുങ്ങുകയല്ലാതെ വിശകലനം ചെയ്യാറില്ല. നിഷ്പ ക്ഷതയോടെ വിമർശിച്ചതിനാണ് എന്റെ ഈ വീരശൃംഖല. നമ്മ ളാരും അത്ര സ്വതന്ത്രരല്ല. നമ്മിലും ഈ പക്ഷപാത രോഗം ഉള്ള താണ്.

**രക്ഷാമാർഗ്ഗം:** നമ്മുടെ ഉള്ളിൽ ധർമ്മം പുതച്ചു മൂടി കിടന്നുറങ്ങി യാൽ അധർമ്മം ശക്തി പ്രാപിക്കും. ധർമ്മ ബോധമില്ലാത്ത ജനം ഒഴുക്കിനനുസരിച്ച് നീന്തി ശക്തനെ പിന്തുണയ്ക്കും. അധർമ്മത്തിന് ജനം സ്വാഗത ഗാനം പാടും. ബുദ്ധിജീവികൾ ശ്രുതി മീട്ടും. ടെലി വിഷനും, പത്രത്താളുകളും താളമടിക്കും. സമ്പന്നന്റെ നീതിന്യായ വഴി സമ്പത്തിലൂടെ തന്നെ. അവർ ബറാബാസിനെ വിട്ടു കിട്ടാനും യേശുവിനെ കുരിശിലേറ്റാനും ആവശ്യപ്പെടും. ഇതാണ് ഇന്ന് ഭാരതത്തിൽ കാണുന്ന കാഴ്ച. എത്ര കാലമായ് നമുക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട്. എന്ത് ക്രൂരതയാണ് മണ്ണിനോട്, പ്രകൃതിയോട്, വനവാ സികളോട് നമ്മെ നിലനിർത്തുന്ന സാധുക്കളോടും നാം ചെയ്തു

കൊണ്ടിരിക്കുന്നത്. പീഡനവും താഡനവും വിശപ്പും കൊണ്ട് പൊറുതി മുട്ടുന്ന സാധുക്കളെ ഉദ്ധരിക്കാതെ ഭാരതം സ്വതന്ത്രമാകുമോ? സർക്കാരും ഉദ്യോഗസ്ഥരും അവരുടെ ധർമ്മം മറക്കുന്നു. ഒരാളെ കാണുമ്പോൾ അയാളുടെ തൊലിയുടെ നിറവും കുലവും രാഷ്ട്രീയവും നമ്മുടേതുമായി താരതമ്യം ചെയ്യാൻ നോക്കാതെ എല്ലാവരും ഒരേ ഈശ്വരന്റെ സൃഷ്ടിയാണെന്ന ബോധത്തോടെ പരസ്പരം സേവന നിരതരാകുക. എനിക്ക് വേണ്ടപ്പെട്ടവരല്ലാതെ ഈ ഭൂമിയിൽ ആരാണുള്ളത്? പിന്നെ ആരോടാണ് വെറുപ്പ് ആരോടാണ് പക്ഷഭേദം. ചിന്തയിലും, വാക്കിലും പ്രവൃത്തിയിലും ഈ ബോധത്തെ നിലനിർത്തുക. അപ്പോൾ കാലം അനുകൂലമായി പരിണമിക്കും, നാം രക്ഷപ്രാപിക്കും. ജയ് ജഗത്.

2. **വണ്ടി ഇപ്പോൾ പോകും** :- വിഷു ആഘോഷം കഴിഞ്ഞ് ശബരിമല നട നാളെ അടയ്ക്കും. ബോസുചേട്ടൻ വിളിച്ചു, ഒന്ന് പോയിട്ട് വരാം. ശരി, ആലപ്പുഴയിൽ നിന്നും വെളുപ്പിന് അഞ്ചിനുള്ള തിരുവല്ല വണ്ടിക്ക് കയറിക്കോളൂ. ചേട്ടനും ഗീതച്ചേച്ചിയും വന്ന വണ്ടിയിൽ ഞാനും ലതയും നീർക്കുന്നത്തു നിന്നും, എടത്വായിൽ നിന്ന് ഗോവിന്ദനും കയറി. എത്രയോ ലക്ഷം പേരാണ് വ്രതാനുഷ്ഠാനങ്ങളോടെ അയ്യപ്പദർശനത്തിന് പോകുന്നത്. വ്രതാനുഷ്ഠാനങ്ങൾകൊണ്ട് മനോബലം വർദ്ധിക്കും. വ്രതങ്ങൾ നോക്കാതെയും മലകയറാം. പക്ഷേ അപ്പോൾ അതൊരു വ്യായാമം മാത്രം. അന്തക്കരണശുദ്ധി കിട്ടില്ല. വാസനകളെ നിയന്ത്രിക്കാനാവശ്യമായ കരുത്ത് നമ്മുടെ ഉള്ളിലുണ്ടെങ്കിലും ആ ശക്തിയെ ഉണർത്താൻ ബ്രഹ്മചര്യവും ഭക്ഷണനിയന്ത്രണവും സഹായിക്കും. ഞങ്ങൾ പത്തനംതിട്ട വഴി പമ്പയിലെത്തി. വെയിലത്തു തന്നെ പമ്പയിൽ നിന്നും സ്വാമിഅയ്യപ്പൻ റോഡു വഴി ക്ഷേത്രത്തിലേയ്ക്ക് നടന്നു. വൻമരങ്ങൾ കുടപിടിച്ചിരിക്കുന്നതിനാൽ വെയിലറിയുന്നില്ല. വൃക്ഷങ്ങൾ വെയിലത്താണല്ലോ ഭക്ഷണം തയ്യാറാക്കുന്നത്. സമൃദ്ധമായ ഓക്സിജന്റെ സാന്നിദ്ധ്യം ഉന്മേഷം തരുന്നു. ഇതെന്താണ് വെയിലുകൊണ്ട് എരിപൊരികൊള്ളുന്ന മനുഷ്യൻ മനസ്സിലാക്കാത്തത്. നാടു മുഴുവൻ വൃക്ഷത്തണലിലാകണം. ആ തണലിൽ വേണം മനുഷ്യൻ പാർപ്പിടങ്ങൾ നിർമ്മിക്കേണ്ടത്. ഫോറസ്റ്റ് സിറ്റിയിൽ സ്വസ്ഥമായി ജീവിക്കാം. ഇത്രയും രോഗങ്ങളും പിടിക്കുകയില്ല. ഭരണാധികാരി

കൾക്ക് അവരുടെ നിലനിൽപ്പിനപ്പുറത്തേയ്ക്ക് സമൂഹനന്മയെക്കുറിച്ച് ചിന്തിക്കാൻ നേരമില്ലാത്ത കാലം. ചൂടു കൂടിയാൽ വീട് എയർകണ്ടീഷൻ ചെയ്യാൻ ശ്രമിക്കുന്ന മനുഷ്യരും. പ്രശ്നപരിഹാരമില്ല. ഞങ്ങൾ സുഖമായി നടന്ന് ശബരിമലയിലെത്തി. തിരക്കില്ലായിരുന്നു. ഞങ്ങൾക്ക് കെട്ടുമില്ല. വടക്കേ നട വഴി കയറി തൊഴുതിറങ്ങി. 5 മണിയോടെ പമ്പയിലെത്തി. പൊതുവേ മലയിറങ്ങി വരുന്നവർ പമ്പയിലെത്തിയാൽ വേഗം വണ്ടിപിടിച്ച് വീട്ടിലെത്താനുള്ള തത്രപ്പാടിലാണ്. എന്നാൽ പമ്പയിലെത്തിയപ്പോൾ ഒന്ന് കുളിച്ച് അൽപ്പസമയം ഇരുന്നിട്ട് പോകാമെന്ന് ഞങ്ങൾ തീരുമാനിച്ചു. ഞങ്ങളോടൊപ്പം മലയിറങ്ങി വന്ന ഇടയ്ക്ക് കണ്ടുമുട്ടിയ ഒരു മിത്രം വീട്ടിൽ പോയിട്ട് കാര്യമുണ്ട് വണ്ടി ഇപ്പോൾ പോകുമെന്ന് പറഞ്ഞ് തിരക്കിട്ട് പോയി. ഞങ്ങൾ കുളിച്ചിട്ട് പമ്പാതീരത്തെ ഒരു പൂമരച്ചോട്ടിലിരുന്നു. പൂക്കൾ ഞങ്ങളുടെ ദേഹത്തും പൊഴിഞ്ഞു വീണു കൊണ്ടിരുന്നു. രാമലക്ഷ്മണന്മാർ സീതാന്വേഷണത്തിന് ഇതുവഴിയാണ് വന്നതെന്ന് ഐതിഹ്യം. ഋഷിമൂകാചലത്തിന്റെ താഴ്വരയിലാണ് ഞങ്ങളിരിക്കുന്നത്. പമ്പാസരസ്തടം ലോകമനോഹരം . ഇവിടെവെച്ച് രാമൻ ഹനുമാനെ കാണുന്നു. സീതാന്വേഷണത്തിന് ഇവിടെ നിന്നും ഒരു വഴിത്തിരിവ് ഉണ്ടാകുന്നു. ഹനുമാൻ അന്വേഷണ ചുമതല ഏറ്റെടുത്തു. ഏറ്റവും സമർത്ഥനായ ഡിക്റ്ററ്റീവ്. പിന്നെ വിജയകാഹളം. നമുക്കും ഇവിടെ അൽപ്പം ഈ സ്മരണകളോടെ സ്വസ്ഥമായിരിക്കാം. **എന്തിനെയെങ്കിലും പറ്റി ചിന്തിച്ചുള്ള മനസ്സിന്റെ അസ്വസ്ഥത അവസാനിക്കുമ്പോഴാണ് മനസ്സിനാനന്ദമുണ്ടാകുന്നത്.** വണ്ടി കിട്ടുമോ? വീട്ടിലെപ്പോഴെത്തും? എന്ന് ചിന്തിച്ചു കൊണ്ടിരുന്നാൽ ഈ മനോഹര തീരത്ത് നമുക്ക് ശാന്തി കിട്ടില്ല. പങ്കജാക്ഷക്കുറുപ്പിന്റെയും രാധമ്മയുടെയും ചിതാഭസ്മം ഈ പമ്പാസരസ്സിലാണ് നിമഞ്ജനം ചെയ്തത്. അന്ന് ശാന്തിനി ഒരു കരിക്ക് തന്നിരുന്നു. അവസാനമായി അച്ഛന് നൽകാൻ. സാങ്കൽപ്പികമായെങ്കിലും അത് കുടിച്ച് അവർ സ്വർഗ്ഗസ്ഥരായി. കഥകളൊക്കെ പറഞ്ഞിട്ട് ദർശനം വായിച്ച് ചർച്ച ചെയ്തു, മാനുഷിക ധ്യാനം നടത്തി. ഈ മനോഹര തീരത്ത് ഒന്നിരിക്കാൻ നേരമില്ലാതെ പുഴയിലൊന്ന് ചാടിക്കുളിക്കാതെ എങ്ങോട്ട് എന്തിനാണ് ഈ മനുഷ്യർ ഓടുന്നത്. ഒന്ന് അടങ്ങി സമാധാനമായിരിക്കുക. നമ്മുടെ പണികളൊക്കെ നമുക്ക് ചെയ്യാം വെപ്രാളം വേണ്ട. ഭൂമി

എന്തായാലും കറങ്ങിക്കൊള്ളും. കലണ്ടർ മാറ്റിയില്ലെങ്കിലും ദിനരാത്രങ്ങളും വന്നു പോകും. പമ്പയിൽ നിന്നും ബസ്സിന് രാത്രി 10.30ന് ഞങ്ങൾ വീട്ടിലെത്തി. ഇന്നലെ തിരക്കിട്ട് പോന്ന അയൽവാസിയായ മിത്രത്തിനെ രാവിലെ ഒന്ന് വിളിച്ചു. യാത്ര സുഖമായിരുന്നോ? എപ്പോൾ വീട്ടിലെത്തി എന്ന് ചോദിച്ചു. രാത്രി പതിനൊന്നിനാണ് വീട്ടിലെത്തിയത്. വണ്ടി നേരിട്ട് തിരുവല്ലായ്ക്ക് കിട്ടിയില്ല ഒരുമണിക്കൂർ വഴിക്ക് കിടന്നും പോയി. സ്വാമിയേ ശരണമയ്യപ്പാ.

# പൊതുവിവരങ്ങൾ

## 1. രോഗാതിർത്തിയിൽ ഔഷധം കാത്തു നിൽക്കുന്നവർ

ഒരു മിത്രത്തിന്റെ കഥ : - നന്നായി പഠിച്ചു, നല്ലവനായി വളർന്നു പഠിപ്പിനനുസരിച്ച് ജോലി കിട്ടിയത് അമേരിക്കയിൽ. എങ്കിലും നാടു മറക്കാതെ ധർമ്മം വെടിയാതെ ജോലി ചെയ്തു. ജീവിത യാത്രയിൽ പ്രമേഹത്തിന്റെ രംഗപ്രവേശം. മരുന്ന് കഴിക്കാൻ ഒന്ന് മടിച്ചെങ്കിലും മറ്റ് മാർഗ്ഗമൊന്നും കാണാതെ കഴിച്ചു തുടങ്ങി. മരുന്നും ആഹാര നിയന്ത്രണവുമായി 10 വർഷം കടന്നു പോയി. ഇപ്പോൾ ഹൃദ്രോഗം, 6 ബ്ലോക്കുകൾ, എന്തുചെയ്യും? ബൈപ്പാസ് വേണോ അതോ ആൻജിയോപ്ലാസ്റ്റിയോ എന്ന് ഡോക്ടർ തന്നെ ചോദിക്കുന്നു. അമേരിക്കയിലെ ആശുപത്രി കിടക്കയിൽ കിടന്ന് രോഗി ഡോക്ടറോട് തീരുമാനം ഡോക്ടർക്ക് വിടുന്നു യുക്തം പോലെ ചെയ്യുക എന്ന് പറഞ്ഞു. അദ്ദേഹം ആൻജിയോപ്ലാസ്റ്റി ചെയ്തു. ഈ സംഭവങ്ങളുടെ ഇടയിലൂടെ രോഗകാരണം ആരാലും ശ്രദ്ധിക്കപ്പെടുന്നില്ല. എന്തുകൊണ്ട് ഇത് സംഭവിച്ചു? അതിന് ഉത്തരം തേടുകയാണിവിടെ.

പ്രമേഹരോഗത്തിന് കാരണം അന്നജത്തിന്റെ ആധിക്യം, വ്യായാമത്തിന്റെ കുറവ്, ഭയം, ഉത്കണ്ഠ, രാസൗഷധങ്ങൾ, ഇൻസലിന്റെ കുറവ് ഇവയിലേതെങ്കിലുമൊക്കെയാകാം. ഇതൊന്നും പരിഹരിക്കാതെ ഔഷധം കൊണ്ട് പ്രശ്നം ഒത്തുതീർപ്പാക്കാൻ ശ്രമിച്ചാൽ പ്രശ്നം കൂടുതൽ ഗുരുതരമാകും. പ്രമേഹത്തിന്റെ ഔഷധങ്ങൾ ഹൃദയധമനികളിൽ തടസ്സങ്ങൾ സൃഷ്ടിക്കും.

ധാരണകളിൽ മാറ്റം വരണം. രോഗത്തെ ഔഷധങ്ങൾക്ക്

ശാശ്വതമായി മാറ്റാനായില്ലെങ്കിൽ നിരന്തരമായി ഔഷധം കഴിച്ചു കൊണ്ടിരിക്കുന്നത് അബദ്ധമാണ്. രോഗം മാറ്റാനാവാത്തവരുടെ ഉപദേശവും തള്ളിക്കളയുക. ഭക്ഷണവും ആരോഗ്യവും എന്ന വിഷയത്തിൽ പഠിപ്പുള്ള പ്രകൃതി ജീവന ഉപാസകരെ സമീപിക്കുക. അവർ രോഗ കാരണത്തെ ഇല്ലായ്മ ചെയ്യുവാനുള്ള വഴി പറഞ്ഞു തരുന്നു. ഉപവസിച്ചു കൊണ്ട് ഗാന്ധിജി ബ്രിട്ടന്റെ ഗർവ്വം അടക്കിയതു പോലെ ഭക്ഷണ നിയന്ത്രണം കൊണ്ട് രോഗ കാരണത്തെ ഒഴിവാക്കാം. ലോകത്ത് ഒരു പ്രമേഹരോഗിയുടെയെങ്കിലും രോഗം മാറ്റാതെ നിത്യവും മരുന്ന് സേവകരാക്കുന്നവരുടെ പിന്നാലെ പോകാതെ സ്വതന്ത്രമായി ചിന്തിച്ച് രക്ഷ പ്രാപിക്കുക. പ്രത്യേകിച്ചും ഔഷധങ്ങൾക്ക് അടിമകളാകാതെ രോഗാതിർത്തികളിൽ നിൽക്കുന്നവർ. നന്നായി പരിശ്രമിക്കാതെ ഔഷധങ്ങൾക്ക് അടിമകളായവർക്ക് മോചനം നേടാനാകില്ല.

2. **കെ.ജിരാജേന്ദ്രൻ അനുസ്മരണം മാർച്ച് 19 ഞായറാഴ്ച**

മെഡിക്കൽ ക്യാമ്പ്, പുരസ്കാര സമർപ്പണം, കവിയരങ്ങ് എന്നീ പരിപാടികളോടെ പരിസ്ഥിതി പ്രവർത്തകനായിരുന്ന ശ്രീ. കെ.ജി. രാജേന്ദ്രൻ അനുസ്മരണ സമ്മേളനം സമംഗളം തീരദേശ സ്കൂളിൽ വെച്ച് നടന്നു. ശ്രീ. ചന്ദ്രൻ പുറക്കാടായിരുന്നു അദ്ധ്യക്ഷൻ. മികച്ച സാമൂഹിക പ്രവർത്തകനുള്ള പ്രതിഭാ പുരസ്കാരത്തിനായി മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. അബ്ദുൽ സലാമിനെയാണ് ഈ വർഷം തിരഞ്ഞെടുത്തത്. മന്ത്രി ജി. സുധാകരന് തത്സമയം എത്താൻ കഴിയാതിരുന്നതിനാൽ കുറുപ്പു സാറിന്റെ മകനാണ് പുരസ്കാര സമർപ്പണം നടത്തിയത്. കബീർ എം. മാക്കിയിൽ ഡോ. അബ്ദുൽ സലാമിനെ പരിചയപ്പെടുത്തി. പാലിയേറ്റീവ് കെയർ രംഗത്തുള്ള ഡോക്ടറുടെ സേവനങ്ങൾ എത്രയോ പേർക്ക് ആശ്വാസം പകരുന്നു. രാത്രിയാണെങ്കിലും കിടപ്പായ രോഗികളുടെ വീട്ടിലെത്തി അവർക്കു വേണ്ട എല്ലാ ചികിത്സയും പരിചരണവും ഡോക്ടറും സുഹൃത്തുക്കളും ചേർന്ന് നൽകി വരുന്നു. മനുഷ്യ സ്നേഹികളായവർ അവർക്കാവുന്നത് സമൂഹത്തിനായി ചെയ്യുന്നു. അവർ യാതൊന്നും പ്രതീക്ഷിക്കു

ന്നില്ല. ആകാശത്തിലെ നക്ഷത്രങ്ങൾ രാവേറെ വൈകിയും പ്രകാശിച്ചു കൊണ്ടേയിരിക്കും. അതാരെങ്കിലും കാണുന്നോ എന്ന് നോക്കാറില്ല. യോഗത്തിൽ സഫീർ പീടിയേക്കൽ, കെ.കെ. ഗോപി, കെ.ജി. വേണുനാഥ് തുടങ്ങിയവർ പ്രസംഗിച്ചു. ശ്രീ. കെ.ജി അശോകനും കുടുംബാംഗങ്ങളും ചേർന്നാണ് ഈ അനുസ്മരണം സമുചിതമായി നടത്തിയത്. ദർശനത്തിന്റെ കൂപ്പുകൈ.

## 3. ബാ-ബാപ്പു-ദേശീയ യാത്ര

ശ്രീ. രമേശ് ശർമ്മയും, ഡോ. ജേക്കബ് വടക്കഞ്ചേരിയും നയിക്കുന്ന കന്യാകുമാരി ഗോവായാത്ര ഏപ്രിൽ 22ന് ആലപ്പുഴയിലെത്തിയപ്പോൾ ദർശനം ഭവനവും സന്ദർശിച്ചു. കോട്ടയം ജില്ലാ പര്യടനത്തിന്റെ ഭാഗമായി 21-ാം തീയതി രാത്രി ചങ്ങനാശ്ശേരി സങ്കേതത്തിൽ വന്ന് ക്യാമ്പ് ചെയ്ത് രാവിലെ ക്ലാസ്സുകൾ കഴിഞ്ഞ് നല്ല വെയിലത്താണ് ഇവിടെ വന്നത്. കാറ്റുകൊള്ളുവാൻ പറമ്പിൽ തന്നെ ഇരിപ്പിടവും ഒരുക്കി. ശ്രീ. കുമാരൻ മാസ്റ്റർ, ആന്റണി, സജി, സാബു തുടങ്ങിയവരും ചില വടക്കേ ഇന്ത്യാക്കാരും സംഘത്തിലുണ്ട്. ഇവിടെയുണ്ടായിരുന്ന ശ്രീ. ചന്ദ്രൻ പുറക്കാട്, ശിവദാസക്കുറുപ്പ്, ആതിര, പുഷ്പം ചേച്ചി, അനിത, സരയൂ എന്നിവരും ചേർന്ന് ഒരു കൂട്ടായ്മ രൂപപ്പെട്ടു. ആരോഗ്യവും ഗാന്ധിയൻ ദർശനങ്ങളും ചർച്ച ചെയ്തു. ഒരു പാത്രം നിറയെ പഴമാങ്ങയും, പറങ്കിമാങ്ങയും കഴുകി യോഗസ്ഥലത്തു വെച്ചു. അത് എല്ലാവർക്കും പ്രിയമായി. ഫാ. സേവ്യർ കുടിയാമശ്ശേരി ഷിബുവുമായി എത്തി. അദ്ദേഹത്തിന്റെ സരസ സംഭാഷണം കൊണ്ട് യോഗം ഉത്സാഹഭരിതമായി. ലത എല്ലാവർക്കും ഊണൊരുക്കി ഭക്ഷണാനന്തരം സംഘം കളർകോട്ടേയേക്ക് യാത്ര തിരിച്ചു. 3 മണിക്ക് കളർകോട്ടും 6 മണിക്ക് ആലപ്പുഴ ബീച്ചിലും ജനപങ്കാളിത്തത്തോടെ പൊതു സമ്മേളനങ്ങൾ നടന്നു.

## 4. കൃപ വേനൽപ്പന്തൽ

കൃപ ഒരുക്കിയ വേനൽപ്പന്തൽ ഉദ്ഘാടത്തിന് ദർശനം സുഹൃത്തുക്കളും പങ്കെടുത്തു. കഠിനമായ വേനൽച്ചൂടിൽ പ്രകൃതിദത്ത പാനീയങ്ങളായ മോരുംവെള്ളവും, നാരങ്ങാവെള്ളവും,

ജാപ്പിയും വിതരണം ചെയ്തു കൊണ്ട് പ്രകൃതിയിലേയ്ക്ക് മടങ്ങി പ്പോകുവാനായിരുന്നു കൃപയുടെ ആഹ്വാനം. ആശുപത്രി കേന്ദ്രീ കരിച്ച് കൃപ നടത്തുന്ന സേവന പ്രവർത്തനങ്ങളുടെ ഭാഗമായാണീ കുടിവെള്ള വിതരണം. ഇവിടെ സൂചിമുഖി മാസികയിലെ ഒരു വാക്യമാണ് ദർശനം സന്ദേശമായി നൽകിയത്. 12 വയസ്സുള്ളപ്പോൾ സുസുക്കീ എന്ന ബാലിക (24 വർഷം മുമ്പ്) ഭൗമ ഉച്ചകോടിയിൽ നടത്തിയ പ്രസംഗത്തിലെ ഏതാനും വാചകങ്ങൾ വായിച്ചാലും.

ഞാനിവിടെ വന്നത് വരും തലമുറയ്ക്ക് വേണ്ടി സംസാരിക്കാ നാണ്. ലോകത്ത് എണ്ണമറ്റ ജീവജാലങ്ങൾ അകാലത്തിൽ ചത്തു മണ്ണടിയുന്നു. നിങ്ങൾ സൃഷ്ടിച്ച ഓസോൺ പാളികൾ കാരണം എനിക്ക് പകൽ സമയത്ത് പുറത്തിറങ്ങി സൂര്യപ്രകാശമേൽക്കാൻ ഭയമാണ്. എനിക്ക് ശ്വസിക്കാൻ പോലും പേടിയാണ്. വായു മലി നമായിരിക്കുന്നു. അച്ഛനോടൊപ്പം വാൻകുവറിൽ ഞാൻ മീൻപിടി ക്കാൻ പോകാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവിടെയുള്ള മത്സ്യങ്ങൾക്കെല്ലാം അർബുദമാണ്. ഓസോൺ തുളകൾ എങ്ങിനെ അടയ്ക്കാമെന്ന് നമുക്കറിയില്ല. വറ്റിപരണ്ട പുഴയിലേയ്ക്ക് സാൽമൺ മത്സ്യങ്ങളെ തിരികെ കൊണ്ടു വരാനുള്ള വിദ്യയും നമുക്കറിയില്ല. വംശനാശം വരുത്തിയ സസ്യജന്തുജാലങ്ങളേയും നിബിഢ വനങ്ങളേയും തിരികെ കൊണ്ടുവരാനും നമുക്ക് കഴിയി ല്ല. **ഇതൊന്നും നമുക്ക് കഴിയില്ലെങ്കിൽ പ്രകൃതി ധ്വംസനം മതി യാക്കൂ** . കൊച്ചു കുട്ടിയാണെങ്കിലും മഹത്തായ ഒരു സന്ദേശ മാണ് സുസുക്കി നൽകിയത്. കൃപയുടെ പ്രസിഡന്റ് അഡ്വ. പ്രദീപ് കൂട്ടാല അദ്ധ്യക്ഷനായിരിക്കുന്ന യോഗത്തിൽ ഹംസസാർ സ്വാഗ തവും ദേവൻ പി. വണ്ടാനം കൃപയുടെ പ്രവർത്തനങ്ങളും വിശദീ കരിച്ചു. തുടർന്ന് നടന്ന പാട്ടമൃതിൽ നിരവധി പേർ പങ്കെടുത്തു.

## 5. സഫലമീ യാത്ര

മലയാളമനോരമ ദിനപ്പത്രം സഫലമീ യാത്ര എന്ന പംക്തി യിൽ കുറുപ്പുസാറിനെ വായനക്കാർക്ക് പരിചയപ്പെടുത്തി ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ശ്രീജിത്ത് കെ. വാര്യരാണ് ഈ ലേഖനം എഴുതിയത്. സുന്ദരമായ ഈ അവതരണത്തിന് ദർശനത്തിന്റെ കൂപ്പുകൈ.

## 6. ഭാഗവതസത്രം

അമ്പലപ്പുഴയിൽ ഭാഗവതസത്രം സമംഗളം സമാപിച്ചു. സംസാരസാഗരത്തിന്റെ ചൂടുകൊണ്ട് ദുരിതമനുഭവിക്കുന്നവർക്ക് ഈ ഭാഗവതാമൃതം ആനന്ദാനുഭൂതിയായി, ഭക്തജനങ്ങൾക്ക് മോക്ഷമാർഗ്ഗമായി. സേവനം കൊണ്ടും സാന്നിദ്ധ്യം കൊണ്ടും ഭക്തർ യജ്ഞവേദി ധന്യമാക്കി. എങ്കിലും യുവാക്കളുടെ പങ്കാളിത്തം കുറവായിരുന്നു. ആത്മീയ സദസ്സുകളിൽ പങ്കെടുക്കുവാൻ അവർക്കൊരു മടിയുണ്ട്. സാരമില്ല, അവരു കാലക്രമത്തിൽ വന്നു കൊള്ളും. പഴയകാല മടിയൻമാരാണ് ഇപ്പോൾ സദസ്സിൽ ഇരിക്കുന്നത്.

## 7. പ്രതിമാസ യോഗം

എല്ലാ മാസവും ആദ്യ ഞായറാഴ്ച വൈകിട്ട് 5 മുതൽ 7 വരെ നീർക്കുന്നം ധന്യയിലാണ് യോഗം ചേരുന്നത്. 2004 ജൂലൈയിൽ അച്ഛനെഴുതിയ മാർഗ്ഗം എന്ന ലേഖനം വായിച്ചു ചർച്ച ചെയ്തു. ആശയത്തിന്റെ തെളിമകൊണ്ടും ഗാംഭീര്യംകൊണ്ടും ദർശനം ഞങ്ങളിൽ നിറഞ്ഞു തുളുമ്പി. അടുത്ത ലക്കത്തിലത് വായിക്കാം. ഹംസസാർ, ഗിരിജൻ, ഡോ. പത്മകുമാർ, അഷറഫ് എന്നിവർ പങ്കെടുത്തു. അടുത്ത യോഗം 2017 ജൂൺ 4 ഞായറാഴ്ച 6 മുതൽ 8 വരെ ധന്യ നീർക്കുന്നം.

## 8. മടിശ്ശീല

ഞാൻ കുറുപ്പുസാറിന്റെ ഒരു ആരാധകനാണ്. പേരൊന്നും വെളിപ്പെടുത്തേണ്ട എന്ന് പറഞ്ഞ് ഒരു മിത്രം 1000/- രൂപ, സരോജം പുളിവീട് - 500/-, അജിത് കൃഷ്ണൻ, കണ്ണൂർ - 150/-, അശോകൻ, കന്യക്കോണിൽ - 500/-, ഗീത, പുത്തൻപുര - 200/-, ഉണ്ണിച്ചേട്ടൻ, വണ്ടാനം - 500/-, പവിത്രൻ, സബർമതി - 200/-, താര അമ്പലപ്പുഴ - 500/-. എല്ലാവർക്കും പ്രണാമം.

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

## ഭയം എന്തിന്?

നമ്മുടേത് കൊച്ചു മനസ്സാണ്. വിശ്വമനസ്സിനെ പൂർണ്ണമായി അറിയില്ല. നമുക്ക് അറിഞ്ഞുകൂടാത്ത ഒരുപാട് പ്രപഞ്ച രഹസ്യങ്ങളുണ്ട്. എല്ലാം വിശദീകരിക്കാനാവില്ല. അഹങ്കാരം വെടിയണം, കാലത്തിന്റെ മാറ്റം നാം ഉൾക്കൊള്ളണം. നാം ഭൂമിക്കാരാണ്, ബന്ധുക്കളാണ്, നോട്ടും വോട്ടും നമുക്ക് ആവശ്യമില്ല എന്ന് കുറുപ്പു സാർ പറഞ്ഞപ്പോൾ അപ്രായോഗികം എന്ന് നാം വിധിച്ചു. സാർ ഉദ്ദേശിച്ച തലത്തിലല്ലെങ്കിലും അയൽക്കൂട്ടങ്ങൾ നാടാകെ കൂടാൻ തുടങ്ങി. നോട്ടിന്റെ ആയുസ്സും കുറഞ്ഞു വരുന്നു. ഈ ലോകം യാദൃശ്ചികമായി ഉണ്ടായതല്ല. ഇതിനൊരു സംവിധാനമുണ്ട്. നക്ഷത്രങ്ങൾ പോലും അതിന് നിശ്ചയിച്ച വഴിയേ ആണ് സഞ്ചരിക്കുന്നത്. എല്ലാം നിരീക്ഷിക്കുകയും സംരക്ഷിക്കുകയും കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുകയും ചെയ്യുന്ന ചൈതന്യ ശക്തിയാണ് ഈശ്വരൻ. ഇവിടെ ആര് ധർമ്മത്തെ രക്ഷിക്കുന്നുവോ അവരെ ധർമ്മം രക്ഷിക്കും പിന്നെ എന്തിനാണ് വെറുതെ ഭയപ്പെടുന്നത്.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306